സന്ദർശിക്കുക
www.kssp.in
www.wiki.kssp.in
www.luca.co.in
http://parishadvartha.in
facebook.com/ksspexecutive

# പരിഷദ് വാർത്ത

ശാസ്ത്രം സാമൂഹ്യ വിപ്ലവത്തിന്

വാല്യം 17
ലക്കം 10,11
ഒറ്റപ്രതി 2.50 രൂപ
വരിസംഖ്യ 50 രൂപ

2017 മെയ് 15 - ജൂൺ 15
കേരള ശാസ്ത്രസാഹിത്യ പരിഷത്ത് പ്രസിദ്ധീകരണം
parishadvartha@gmail.com

## സിജിയെ അനുസ്മരിച്ചു
## പരിഷത്തിനെ ജനകീയമാക്കിയത് സിജി - കെ.കെ.കൃഷ്ണകുമാർ




കെ.കെ.കൃഷ്ണകുമാർ സിജി അനുസ്മരണസമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തി സംസാരിക്കുന്നു

തൃശ്ശൂർ: ശാസ്ത്രസാഹിത്യ പരിഷത്തിനെ ജനകീയമാക്കുന്നതിൽ മുന്നിൽ നിന്ന് പ്രവർത്തിച്ചയാളാണ് സിജി ശാന്തകുമാർ എന്ന് കെ,കെ. കൃഷ്ണകുമാർ അനുസ്മരിച്ചു. മെയ് 25ന് തൃശ്ശൂർ ചങ്ങമ്പുഴ ഹാളിൽ നടന്ന അനുസ്മരണ സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തി സംസാരിക്കുകയായിരുന്നു അദ്ദേഹം. സിജി പ്രസിഡണ്ടായിരുന്ന കാലത്ത് കെ.കെ.കൃഷ്ണകുമാർ ജനറൽസെക്രട്ടറിയായിരുന്നു. സിജിക്ക് മുമ്പും പിൻപും എന്ന രണ്ട് കാലഘട്ടം പരിഷത്തിനുണ്ടെന്നും സിജിയില്ലാത്ത പുതിയ കാലഘട്ടത്തെ പരിഷത്ത് പ്രവർത്തനത്തെ പുതുക്കിപ്പണിയുന്നത് ആലോചിക്കണമെന്നും അദ്ദേഹം പറഞ്ഞു.

മുതിർന്നവർക്ക് ഇന്നത്തെ കുട്ടികളിൽ നിന്ന് പലതും പഠിക്കാൻ ഉണ്ട്. ശാസ്ത്ര സാങ്കേതിക രംഗത്ത് , കുട്ടികളോടും യുവാക്കളോടും മുതിർന്നവർ ശിഷ്യപ്പെടണമെന്നും ബാലസാഹിത്യകാരനും ശാസ്ത്രസാഹിത്യ പരിഷത്ത് മുൻ സംസ്ഥാന പ്രസിഡണ്ടുമായ കെ.കെ.കൃഷ്ണകുമാർ പറഞ്ഞു.

Reverse Mentoring- ന്റെ കാലമാണിത്.വിവര സാങ്കേതിക വിദ്യയുടെ ആധുനിക പാഠങ്ങൾ വേഗത്തിൽ മനസ്സിലാക്കുന്നത് പുതിയ തലമുറയാണ്. പരമ്പരാഗത ഗുരുശിഷ്യബന്ധത്തിൽ മാറ്റം വരണം. അധ്യാപകർ ശിഷ്യന്മാരിൽ നിന്ന് പഠിക്കാൻ തയ്യാറാകണം. കടലാസിൽ അച്ചടിച്ചത് മാത്രമെ വായിക്കൂ എന്ന ശാഠ്യം മാറ്റണം. ഇ-ലേണിങ്ങിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തണം. ലോക ബാല സാഹിത്യ രംഗത്ത് വൻ മാറ്റങ്ങളാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ നാം വളരെ പുറകിലാണ്. എല്ലാ രംഗത്തും ജനകീയതയും സർഗ്ഗാത്മകതയും നിലനിർത്താനാകണം. സമൂഹവും ശാസ്ത്രവും തമ്മിൽ പാരസ്പര്യം വേണം. ശാസ്ത്രത്തെ സാമാന്യ ബോധമാക്കാനുള്ള തുടർച്ചയായ ശ്രമം അന്ധവിശ്വാസ നിർമ്മാർജ്ജനത്തിന്റെ മുന്നുപാധിയാണ്. അദ്ദേഹം പറഞ്ഞു.

പരിഷത്ത് ജില്ലാ പ്രസിഡണ്ട് എം.എ.മണി അധ്യക്ഷത വഹിച്ചു. പ്രസിദ്ധീകരണ സമിതി ചെയർമാൻ ഡോ. കാവുമ്പായി ബാലകൃഷ്ണൻ, സിജി എന്ന രാഷ്ട്രീയക്കാരനെയും അധ്യാപകസംഘടനാ പ്രവർത്തകനെയു, ശ്രീമത് വിദ്യാപീഠം ബാലശാസ്ത്ര ഇൻസ്റ്റിറ്റ്യൂട്ട് തലവനെയും കേരള സാക്ഷരതാപ്രവർത്തനത്തിന്റെ അമരക്കാരനെയും പരിചയപ്പെടുത്തി. യുറീക്ക മാനേജിംഗ് എഡിറ്റർ കെ .വിജയൻ, ജില്ലാ സെക്രട്ടറി കെ.എസ്.സുധീർ, ടി. സത്യനാരായണൻ, ടി.എ .ഷിഹാബുദ്ദീൻ എന്നിവർ സംസാരിച്ചു. ശാസ്ത്ര മാസികാ പ്രചാരകർക്കുള്ള സമ്മാന വിതരണം നടന്നു.

## പുതിയ യുറീക്കയെ സ്വപ്നം കണ്ട് യുറീക്ക രചനാക്യാമ്പ്

പയ്യന്നൂർ : ഏറെ ശ്രമകരവും ഉത്തരവാദിത്തമുള്ളതുമായ ഒന്നാണ് ബാലസാഹിത്യരചനയെന്ന് എഴുത്തുകാരനും സാംസ്കാരിക പ്രവർത്തകനുമായ എൻ ശശിധരൻ അഭിപ്രായപ്പെട്ടു. അതുകൊണ്ടുതന്നെ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ട ഒന്നാണത്. എഴുത്തുകാർക്കു വേണ്ടി മെയ് 12,13,14 തിയ്യതികളിൽ കാനായി യമുനാതീരത്തിൽ യുറീക്ക സംഘടിപ്പിച്ച ക്യാമ്പ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

വർത്തമാനകാലത്തെ ജീവിതം വളരെ സങ്കീർണമാണ്. അരനൂറ്റാണ്ട് മുമ്പു ഞങ്ങളൊക്കെ പരിചയിച്ചിട്ടുള്ള കേരളമല്ല, ഇന്നത്തെ കേരളം. അധികാരം നേരിട്ട് ജീവിതത്തിലേക്ക് കടന്നു കയറുന്നു. അധികാരം ഹിംസാത്മകമായ കടന്നുകയറ്റമാണ് നടത്തുന്നത്. എഴുത്ത് എന്ന വ്യവഹാരത്തിലാകട്ടെ എഴുത്തുകാരും അധികാരഘടനയുടെ ഭാഗമായിത്തീരുന്നു. ജീവിതത്തിലും സമൂഹത്തിലുമുള്ള ഈ സങ്കീർണാവസ്ഥയെ നമ്മൾ തിരിച്ചറിയേണ്ടതുണ്ട്. സങ്കീർണാവസ്ഥയെ സങ്കീർണമായി തന്നെ നമ്മൾ പ്രതിരോധിക്കണം.

ബാലസാഹിത്യം കുട്ടികൾക്കു വേണ്ടിയാണെന്നു നമ്മൾ കരുതുന്നു. കുട്ടികൾക്കു വേണ്ടി എഴുതുന്നയാൾ മുതിർന്നവരെക്കൂടി വായനക്കാരാക്കാൻ ബാധ്യസ്ഥനാണ്. നമ്മുടെ മുമ്പിൽ നന്തനാരുടെ 'ഉണ്ണിക്കുട്ടന്റെ ലോക'മുണ്ട്. എഴുത്തുകാരൻ പട്ടാളക്കഥകൾ എഴുതുന്ന ആളാണ്; പ്രണയ കഥകൾ എഴുതുന്ന ആളാണ്. എന്നാൽ നന്തനാർ ചെയ്തത് 90 വയസ്സുകാരെക്കൊണ്ടും ഉണ്ണിക്കുട്ടൻ താനാണെന്നു തോന്നിപ്പിക്കും വിധം എഴുതി എന്നതാണ്. ദ്വിമുഖമുള്ള സർഗാത്മക പ്രക്രിയയാണ് ബാലസാഹിത്യ രചന. കുട്ടികളെ രസിപ്പിക്കുന്ന ഒരു മുഖം. മുതിർന്നവർക്ക് ആസ്വാദ്യമാവുന്ന മറ്റൊരു മുഖം. ലോകത്തെ മുഴുവൻ ഉൾക്കൊള്ളാൻ കഴിയുന്ന, മുതിർന്നവരെ പോലും കുട്ടികളിലേക്ക് വളരാൻ പ്രേരിപ്പിക്കുന്ന രചനയാവണം ബാലസാഹിത്യം .

ഭാഷയിലൂടെയാണ് നമ്മൾ സംവേദനം നടത്തുന്നത്. ഭാഷയിലൂടെയാണ് വായനക്കാരന്റെ മനസ്സിനെ പിടിച്ചെടുക്കുന്നത്. മാതൃഭാഷയിലാണ് നമ്മുടെ വ്യവഹാരം. എഴുത്തുമതേ. പക്ഷേ, എഴുതുമ്പോൾ അതിന്റെ ഉപയോഗപരത മാറി. വേറൊരു റിഥം, താളം, അതുൾക്കൊള്ളുന്നു. സാഹിത്യരചനകൾ നിലനില്ക്കണമെങ്കിൽ അത് ഭാവുകത്വം സൃഷ്ടിക്കുന്ന ഭാഷയിലാവണം. നരേന്ദ്രനാഥിനും മാലിക്കും ഒ.വി വിജയനും ഒക്കെ അത്തരം ഭാഷയുണ്ട്. കുട്ടികൾ സാങ്കേതികജ്ഞാനത്തിൽ നമ്മളെക്കാൾ മുമ്പിലാണ്. അവർക്കു വേണ്ടി എഴുതുമ്പോൾ ഭാഷയിൽപ്പോലും ഇക്കാര്യം കണക്കിലെടുക്കണം. കട്ടികളുടെ യഥാർത്ഥ അനുഭവങ്ങളുമായി പലപ്പോഴും ബാലസാഹിത്യത്തിനു ബന്ധമില്ല. പത്തു വർഷം മുമ്പുവരെ കവിതകൾ വെറും word play ആയിരുന്നു എന്നറിയണം. ഗൃഹാന്തരീക്ഷം മുതൽ കുട്ടികൾ ഇടപെട്ടുന്ന മുഴുവൻ അവസ്ഥകളെയും ആവിഷ്കരിക്കുന്ന രചനകളാവണം ബാലസാഹിത്യം .

തുടർന്ന് 'ലോകബാലസാഹിത്യം ഇന്ന്' എന്ന മുഖ്യ അവതരണം കെ.കെ.കൃഷ്ണകുമാർ നിർവഹിച്ചു.

കുട്ടികൾക്കുവേണ്ടിയുള്ള പുസ്തകങ്ങളിൽ ഒരുപാട് മാറ്റം സംഭവിച്ചുകഴിഞ്ഞു. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും ഈ മാറ്റം കാണാൻ കഴിയും. കുട്ടികളോട് പറയാൻ പറ്റാത്ത കാര്യങ്ങളില്ല. അതെങ്ങിനെ പറയുന്നു എന്നതിലാണ് കാര്യം. ലളിതമായ ഭാഷ, മനോഹരമായ ചിത്രങ്ങൾ, അതിലും മനോഹരമായ ലെ ഔട്ട്, ഇവയെല്ലാം കുട്ടിയെ പുസ്തകങ്ങളിലേയ്ക്ക് വലിച്ചടുപ്പിക്കുന്നു. ഗ്രന്ഥരചയിതാവിനും ചിത്രകാരനും തുല്യപ്രാധാന്യമാണ് ഇത്തരം പുസ്തകങ്ങളിൽ.

പുസ്തകങ്ങൾ മാത്രമല്ല, കുട്ടികൾക്കുവേണ്ടിയുള്ള ആനിമേഷൻ വീഡിയോകൾ, വെബ്സൈറ്റുകൾ, സിനിമകൾ...വളരെ വിപുലമായ ലോകമാണ് മുന്നിൽ. കുട്ടികൾ മാത്രമല്ല മുതിർന്നവരും വലിയ തോതിൽ ഇത്തരം സൃഷ്ടികളുടെ അനുവാചകരായി മാറുന്നു.

ഇവയിൽ നിന്നെല്ലാം നമുക്ക് ഒരുപാട് ഉൾക്കൊള്ളാനുണ്ട്; സ്വാംശീകരിക്കാനുണ്ട്. പഴയ രീതിയിലുള്ള കഥകളും പാട്ടുകളും കൊണ്ട് പുതിയ കാലത്തെ കുട്ടികളെ തൃപ്തിപ്പെടുത്താനാവില്ല. ഇന്റർനെറ്റ് വഴി തുറന്നുകിട്ടിയ പുതിയ ലോകത്തിന്റെ സാധ്യതകളെ കുട്ടികൾക്കായി നാം പ്രയോജനപ്പെടുത്തിയെ പറ്റൂ. ആവിഷ്കാരത്തിന്റെയും പ്രസിദ്ധീകരണത്തിന്റെയും പുതിയ മേച്ചിൽപ്പുറങ്ങൾ തേടിയില്ലെങ്കിൽ നാം ചവറ്റുകുട്ടയിലേയ്ക്ക് വലിച്ചെറിയപ്പെടും. കുട്ടികൾ അവരുടെ പാട്ടിന് പോവും; തീർച്ച. കൃഷ്ണകുമാർ ഓർമിപ്പിച്ചു

രചനകളുടെ അവതരണവും ചർച്ചയും ക്യാമ്പിനെ സജീവമാക്കി. ജെൻഡർ ചർച്ച, നാളത്തെ യുറീക്കയെക്കുറിച്ചുള്ള ഉള്ളുതുറക്കൽ, ബാലസാഹിത്യകൃതികളുടെ പ്രദർശനം, സിനിമാപ്രദർശനം എന്നിവ കൂടി ക്യാമ്പിന്റെ ഭാഗമായിരുന്നു. പുതിയ യുറീക്കയെക്കുറിച്ചുള്ള ചർച്ചകൾ കൊണ്ട് സമ്പുഷ്ടമായ യുറീക്ക രചനാ ക്യാമ്പ് മെയ് 14 ന് ഉച്ചയ്ക്ക് സമാപിച്ചു.

# അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾ അടച്ചുപൂട്ടാനുള്ള ഡി.പി.ഐ നിർദ്ദേശം അടിയന്തിരമായി നടപ്പിലാക്കുക

### പൊതുവിദ്യാഭ്യാസ സംരക്ഷണ സായാഹ്നസദസ്സ് സംഘടിപ്പിച്ചു

മാനന്തവാടി: കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയെ തകർക്കുന്ന അനധികൃത വിദ്യാലയങ്ങൾ അടച്ചുപൂട്ടാനുള്ള ഡി.പി.ഐ നിർദ്ദേശത്തെ കേരളശാസ്ത്രസാഹിത്യ പരിഷത്ത് വയനാട് ജില്ലാകമ്മറ്റി സ്വാഗതം ചെയ്യുന്നു. അൺഎയ്ഡഡ്, സി.ബി.എസ്.ഇ,ഐ.സി.എസ്.ഇ വിദ്യാലയങ്ങളുടെ മേൽ സാമൂഹികനിയന്ത്രണം കൊണ്ടുവരുന്നതിനുള്ള സത്വര നടപടികൾ വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാവണം. മാനന്തവാടിയിൽ സംഘടിപ്പിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ സായാഹ്ന സദസ്സ് കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ കേന്ദ്രനിർവ്വാഹക സമിതിയംഗം പി.വി. സന്തോഷ് ഉദ്ഘാടനം ചെയ്തു. കുട്ടിയിൽ ജ്ഞാനോത്പ്പാദനം നടക്കേണ്ടത് മാതൃഭാഷയിൽ ആകണം.ഇതിനുതകും വിധം പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി വിദ്യാലയ വികസനരേഖകൾ തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കേണ്ടതാണ്. പത്താം ക്ലാസ്, പ്ലസ്ടു പരീക്ഷാ വിജയികളായ മുഴുവൻ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഉപരിപഠന സൗകര്യം ലഭിക്കേണ്ടതുണ്ട്. ഒന്നു മുതൽ പ്ലസ്ടു വരെ ക്ലാസുകളെ ഒറ്റ ക്ലസ്റ്ററായി കണക്കാക്കണമെന്നും പൊതുവിദ്യാഭ്യാസ രംഗത്തെ മാറ്റം ബന്ധപ്പെട്ട ഉദ്യോഗ സ്ഥതലത്തിലും ഉൾക്കൊണ്ട് പ്രവർത്തിക്കണമെന്നും യോഗം ചർച്ചചെയ്തു.മേഖലാ പ്രസിഡണ്ട് ഒ.കെ.രാജു അധ്യക്ഷത വഹിച്ചു.വിഷയസമിതി കൺവീനർ ഇ.കെ.ജയരാജൻ മാസ്റ്റർ സ്വാഗതവും കൺവീനർ കെ.കെ.സുരേഷ് കുമാർ നന്ദിയും പറഞ്ഞു. ജില്ലാപ്രസിഡണ്ട് പി.സുരേഷ്ബാബു, കെ.ബി.സിമിൽ, ബെന്നി മാസ്റ്റർ, വി.ജി.ഗിരിജ, വി.സുരേഷ് കുമാർ എന്നിവർ സംസാരിച്ചു.

## ജലയാത്ര

തിരുവനന്തപുരം : മെയ് 5ന് പാറശ്ശാലയിൽ നിന്ന് ആരംഭിച്ച് 25ന് നേമത്ത് സമാപിച്ച ജലയാത്ര 26 കേന്ദ്രങ്ങളിൽ പര്യടനം നടത്തി. പാണ്ഡ്യൻ പാറയിലെ സ്വീകരണസമ്മേളനം വാമനപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് കെ.പി.ചന്ദ്രൻ ഉദ്ഘാടനം ചെയ്തു. നന്ദിയോട് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് വിവി അജിത് കുമാർ അധ്യക്ഷനായിരുന്നു. പെരിങ്ങനം പഞ്ചായത്ത് അംഗം പരുത്തിവിള സലീം, ജാഥാക്യാപ്റ്റൻ ജയകുമാർ, പരിഷത്ത് ജില്ലാ സെക്രട്ടറി ഷിബു അരുവിപ്പുറം, ഡോ.കമാലുദ്ദീൻ എന്നിവർ ജലസന്ദേശയാത്രയുടെ വിശദാംശങ്ങൾ ജനങ്ങളുമായി പങ്കുവച്ചു.

ദുരിതം വിതയ്ക്കുന്ന അക്കേഷ്യ, മാഞ്ചിയം പ്ലാന്റേഷനെതിരെയുള്ള സമരങ്ങൾക്ക് പരിഷത്ത് പിന്തുണ അറിയിച്ചു. വരുന്ന മഴക്കാലത്തെ സ്വീകരിക്കുവാൻ മഴവെള്ളം സംഭരിക്കുവാൻ ബഹുവിധ പദ്ധതികൾ ജനങ്ങളുമായി ചർച്ച ചെയ്തു.

## ആദരാഞ്ജലികൾ

നേമം മേഖല പ്രസിഡന്റ് ശ്രീദേവകുമാർ (52) അന്തരിച്ചു.മലയാളം അധ്യാപകനായിരുന്നു. ഭാര്യയും 2 പെൺമക്കളുമുണ്ട്. ഹൃദയാഘാതമായിരുന്നു മരണ കാരണം.



## ആവോലം യൂണിറ്റ് രൂപീകരിച്ചു

നാദാപുരം : നാദാപുരം മേഖലയിലെ ആവോലം കേന്ദ്രമായി പുതിയ യൂണിറ്റ് രൂപീകരിച്ചു. സി.സി.യു.പി സ്കൂളിൽ ചേർന്ന യൂണിറ്റ് രൂപീകരണ യോഗത്തിൽ ജില്ലാ ജോയിന്റ് സെക്രട്ടറി വി.കെ. ചന്ദ്രൻ, മേഖലാ പരിസര വിഷയസമിതി കൺവീനർ പി.കെ.അശോകൻ എന്നിവർ സംസാരിച്ചു. കെ.സുധീർ മാസ്റ്റർ അധ്യക്ഷത വഹിച്ചു. ഹേമചന്ദ്രൻ മാസ്റ്റർ, അനപാട്യംസ് എന്നിവർ ആശംസകൾ നേർന്നു. എ.കെ.സുരേഷ് ബാബു പ്രസിഡന്റ്, ജിതിൻ. ജി.സി സെക്രട്ടറി എന്നിവർ ഭാരവാഹികളായി യൂണിറ്റ് കമ്മിറ്റി രൂപീകരിച്ചു. യോഗത്തിൽ 36 പേർ പങ്കെടുത്തു.

# കിണർ നിറയ്ക്കൽ : ജനപ്രതിനിധികൾക്കുള്ള ശിൽപശാല

കണ്ണൂർ : കിണർ നിറയ്ക്കൽ സംബന്ധിച്ച് പൂർണ്ണവിവരങ്ങൾ ജനപ്രതിനിധികൾക്ക് നൽകുന്നതിനുവേണ്ടി ശാസ്ത്രസാഹിത്യ പരിഷത്ത് കണ്ണൂരിൽ ശിൽപശാല സംഘടിപ്പിച്ചു. മഴകൊയ്ത്ത് നടത്തുന്നതിന് ഉചിതമാർഗ്ഗമാണ് കിണർ പുനർനിറയ്ക്കൽ. മഴക്കാലം ഇതിന് അനുയോജ്യമായ സന്ദർഭമാണ്. ഒരു പഞ്ചായത്തിലെ മുഴുവൻ കിണറുകളും പുനർനിറച്ചാൽ ആ പഞ്ചായത്തിൽ ജലക്ഷാമമോ ടാങ്കർ വെള്ളമോ ആവശ്യമില്ലെന്ന് ശിൽപ്പശാലയിൽ വിദഗ്ധർ അഭിപ്രായപ്പെട്ടു. വിവിധ പഞ്ചായത്തുകളിലായി 70 പേർ ശിൽപശാലയിൽ പങ്കെടുത്തു. കിണർ പുനർനിറയ്ക്കൽ ഏറ്റവും ചെലവുകുറഞ്ഞ ശാസ്ത്രീയ മാർഗ്ഗമാണ്. പരിഷത്ത് ഗവേഷണ സ്ഥാപനമായ ഐ.ആർ.ടി.സി വികസിപ്പിച്ചിട്ടുള്ളത്. ഇതിന് അനുസൃതമായി കണ്ണൂർ ജില്ലയിലെ വിദഗ്ധരായ പ്ലംബിഗ് തൊഴിലാളികളെ ഉൾപ്പെടുത്തി 35 അംഗ കിണർ നിറയ്ക്കൽ സാങ്കേതിക സേനയെ രൂപീകരിച്ചു. പ്രൊഫ.കെ. വാസുദേവൻ പിള്ള ശിൽപശാലക്ക് നേതൃത്വം നൽകി. കെ.ബാലൻ അധ്യക്ഷനായിരുന്നു. പരിസര വിഷയസമിതി കൺവീനർ കെ.വിനോദ് കുമാർ തുടർ പ്രവർത്തനങ്ങൾ അവതരിപ്പിച്ചു.

# ഏഴിമല നാവിക അക്കാദമി ട്രീറ്റ്മെന്റ് പ്ലാന്റ് ഡികമ്മീഷൻ ചെയ്യണം

കണ്ണൂർ : നിയമപരമായി നിബന്ധനകളും ദൂരപരിധി നിയന്ത്രണങ്ങളും പാലിക്കാത്തതും പ്രവർത്തനാനുമതി ഇല്ലാത്തതും അപര്യാപ്തമായ സാങ്കേതികവിദ്യ പ്രവർത്തിക്കുന്നതുമായ ഏഴിമല നാവിക അക്കാദമി ട്രീറ്റ്മെന്റ് ഉടൻ ഡികമ്മീഷൻ ചെയ്യണമെന്ന് കേരള ശാസ്ത്രസാഹിത്യ പരിഷത്ത് കണ്ണൂർ ജില്ലാക്കമ്മിറ്റി ആവശ്യപ്പെട്ടു. വലിയതോതിൽ പാരിസ്ഥിതിക മലിനീകരണമാണ് ട്രീറ്റ്മെന്റ് സമീപവാസികൾക്ക് വരുത്തിവെക്കുന്നത്. അക്കാദമിയുടെ ഭാവിവികസനം പരിഗണിച്ച് ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ആവശ്യമായ സംസ്കരണശേഷിയുള്ള പ്ലാന്റ് സ്ഥാപിക്കണം.

ഏഴിമല നാവിക അക്കാദമി പ്ലാന്റിൽ നിന്ന് ശുദ്ധീകരണപ്രവർത്തനത്തിന് വിധേയമായി പുറത്തുവരുന്ന ജലത്തിൽ ഫീക്കൽ കോളിഫോം ബാക്ടീരിയയുടെ സാന്നിധ്യം കൂടിയ അളവിൽ കണ്ടെത്തിയ സാഹചര്യത്തിൽ പ്ലാന്റിന്റെ പ്രവർത്തനം ഉടൻ നിർത്തിവെക്കണം. ഈ മേഖലയിലെ മുഴുവൻ കിണറുകൾ അണുവിമുക്തമാക്കുവാൻ ആരോഗ്യവകുപ്പ് നടപടി സ്വീകരിക്കണം. പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതുവരെ സൗജന്യ കുടിവെള്ളം വിതരണം ചെയ്യുവാൻ അക്കാദമിയുടെ സഹായത്താൽ നടപടി വേണം.

പ്ലാന്റിന്റെ പടിഞ്ഞാറുഭാഗത്തെ ചെരിവിലുള്ള കിണർ ജലത്തിൽ കാണുന്ന നിറമാറ്റം, കിണറുകളിലെ ജലം ഉയരുന്നത് സംബന്ധിച്ച പ്രതിഭാസം, കിണറുകളുടെ ഭൂപ്രകൃതി ഇവ കണക്കിലെടുക്കുമ്പോൾ പ്രസ്തുത പ്ലാന്റിന് ചോർച്ച ഉണ്ടെന്ന് സയന്റിസ്റ്റ് പി.എം. സിദ്ധാർഥന്റെ നേതൃത്വത്തിലുള്ള പരിഷത്ത് സംഘം വിലയിരുത്തുന്നു.

# എറണാകുളം ജില്ലാപ്രവർത്തക കൺവൻഷൻ

എറണാകുളം : സംസ്ഥാന വാർഷിക റിപ്പോർട്ടിങ്ങിനും പ്രവർത്തന സമീപനങ്ങൾ ചർച്ച ചെയ്യുന്നതിനും വേണ്ടിയുള്ള പ്രവർത്തക കൺവൻഷനുകൾ കോലഞ്ചേരി മേഖലയിലെ പുത്തൻകുരിശിലും വൈപ്പിൻ മേഖലയിലെ ഞാറക്കലുമായി നടന്നു. വൈപ്പിൻ, പറവൂർ ആലുവ, അങ്കമാലി, എറണാകുളം മേഖലയിൽ നിന്നുമുള്ള യൂണിറ്റ് സെക്രട്ടറി / പ്രസിഡന്റുമാരും മേഖലാ കമ്മറ്റി അംഗങ്ങളും പങ്കെടുത്ത കൺവൻഷനിൽ ജനറൽ സെക്രട്ടറി ടി.കെ മീരാഭായ് സംസ്ഥാന വാർഷിക തീരുമാനങ്ങളും പ്രൊഫ പി.കെ രവീന്ദ്രൻ പ്രവർത്തന സമീപനവും അവതരിപ്പിച്ചു . തുടർന്ന് മേഖലാ സെക്രട്ടറിമാർ യൂണിറ്റുകൾ ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങൾ ക്രോഡീകരിച്ചവതരിപ്പിച്ചു . ജില്ലാ ജോയിന്റ് സെക്രട്ടറി ജയ എം ഭാവി പ്രവർത്തനങ്ങളും വൈസ് പ്രസിഡന്റ് സി.ഐ വർഗീസ് സാമ്പത്തികവും സംബന്ധിച്ച അവതരണങ്ങൾ നടത്തി. മേഖലാ സെക്രട്ടറി കെ വി തോമസ് സ്വാഗതവും രഘുരാജ് നന്ദിയും പറഞ്ഞു. ജില്ലാ പ്രസിഡന്റ് കെ.ആർ ശാന്തിദേവി അധ്യക്ഷയായിരുന്നു. 90 പേർ പങ്കെടുത്തു.

പുത്തൻകുരിശ് യു.പി സ്കൂളിൽ നടന്ന കൺവൻഷനിൽ ശാസ്ത്രഗതി മാനേജിങ് എഡിറ്റർ പി.എ.തങ്കച്ചൻ സംസ്ഥാന വാർഷിക റിപ്പോർട്ടിങ്ങും സംസ്ഥാന സെക്രട്ടറി കെ മനോഹരൻ പ്രവർത്തന സമീപനത്തിന്റെ അവതരണവും നടത്തി. കോതമംഗലം, മുളന്തുരുത്തി തൃപ്പൂണിത്തുറ മേഖലാ സെക്രട്ടറിമാർ യൂണിറ്റ് ഏറ്റെടുത്ത പ്രവർത്തനങ്ങളുടെ ക്രോഡീകൃത റിപ്പോർട്ട് അവതരിപ്പിച്ചു. ഭാവി പ്രവർത്തനങ്ങൾ ജില്ലാ ജോയിൻറ് സെക്രട്ടറി എ.എ സുരേഷും സാമ്പത്തിക അവതരണം കെഎസ് രവിയും നടത്തി. പ്രൊഫ പി.ആർ രാഘവൻ അധ്യക്ഷനായിരുന്നു. കോലഞ്ചേരി മേഖലാ സെക്രട്ടറി അജയൻ സ്വാഗതവും പി.കെ വാസു നന്ദിയും പറഞ്ഞു. യൂണിറ്റു കൺവൻഷനുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള പ്ലാനിങ്ങോടെ കൺവൻഷൻ സമാപിച്ചു. 70 പേർ പങ്കെടുത്തു.

## ആവശ്യമുണ്ട്

പരിഷത്തിന്റെ പ്രസിദ്ധീകരണസമിതിയിലേക്ക് എഡിറ്റോറിയൽ അസിസ്റ്റന്റ്, പ്രൂഫ് റീഡർ, ഡിടിപി വിദഗ്ധർ എന്നിവരെ ആവശ്യമുണ്ട്.

**യോഗ്യത :**

എഡിറ്റോറിയൽ അസിസ്റ്റന്റ് : സയൻസിൽ ബിരുദം, പുസ്തകം എഡിറ്റിംഗിൽ പരിചയവും താല്പര്യവും, മലയാളഭാഷാ പ്രാവീണ്യവും, ഡിടിപി പരിജ്ഞാനവും.

പ്രൂഫ് റീഡർ : സയൻസിൽ ബിരുദം, മലയാള ഭാഷാ പ്രാവീണ്യം, ഡിടിപി പരിജ്ഞാനം

ഡിടിപി : പേജ് മേക്കറിൽ മലയാളം ഇൻസ്ക്രിപ്റ്റ് ടൈപ്പിംഗ്

## ജനറൽ സെക്രട്ടറിയുടെ കത്ത്

### മനുഷ്യനെ പ്രകൃതിയുമായി ബന്ധിപ്പിക്കൂ

പ്രിയപ്പെട്ടവരേ,

അരക്കോടി രൂപയുടെ പുസ്തകപ്രചാരണത്തിലൂടെയും ജനപങ്കാളിത്തംകൊണ്ടും ആശയസമ്പുഷ്ടതകൊണ്ടും സമ്പന്നമായ അനുബന്ധപരിപാടികളിലൂടെയും തനതായ വിഭവസമാഹരണരീതികളിലൂടെയും പരിഷത്തിന്റെ ചരിത്രത്തിൽ ഇടം നേടിയ കണ്ണൂർ സമ്മേളനം നൽകിയ ആവേശത്തോടും ആത്മവിശ്വാസത്തോടും കൂടി പുതിയൊരു പ്രവർത്തനവർഷത്തിലേക്ക് നാം കടന്നിരിക്കുകയാണ്. സമ്മേളനത്തിലെ ഉദ്ഘാടനപ്രസംഗം, പിടിബി സ്മാരകപ്രഭാഷണം, ഹാൽഫ്ഡൺ മാലർ അനുസ്മരണ പ്രഭാഷണം എന്നിവ പ്രതിനിധികൾക്ക് ആശയപരമായി ഏറെ തെളിച്ചം നൽകാൻ സഹായിക്കുന്നവയായിരുന്നു എന്നാണ് പൊതുവെ വിലയിരുത്തിയിട്ടുള്ളത്.

സമ്മേളനം സമ്മാനിച്ച ആവേശവും ആത്മവിശ്വാസവും ആശയപരമായ തെളിച്ചവും ഒട്ടും ചോർന്നുപോകാതെ നമ്മുടെ മുഴുവൻ അംഗങ്ങൾക്കും പകർന്നുനൽകുക എന്ന ദൗത്യവും അനിവാര്യവുമായ പ്രവർത്തനമാണ് അടിയന്തിരമായി നമുക്ക് ചെയ്യാനുള്ളത്. വാർഷികത്തെത്തുടർന്ന് മെയ് 13,14 തിയതികളിൽ ചേർന്ന സംയുക്ത നിർവാഹക സമിതി അതിന് വ്യക്തമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ജില്ലാകൺവെൻഷനുകൾ ഏകദേശം പൂർത്തിയായിക്കഴിഞ്ഞു. ജൂൺ 15നകം മുഴുവൻ യൂണിറ്റ് കൺവെൻഷനുകളും പൂർത്തിയാക്കാൻ കഴിയണം. യൂണിറ്റ് കൺവെൻഷനുകൾ ഒരു ചടങ്ങായി മാറ്റാതെ സംഘടനയെ അടുത്ത ഒരു വർഷക്കാലം മുന്നോട്ടു നയിക്കുന്നതിനുള്ള ഊർജപ്രസരണ പരിപാടിയാക്കി മാറ്റണമെന്ന് സ്നേഹപൂർവം അഭ്യർഥിക്കുകയാണ്.

വാർഷിക സമ്മേളന വിലയിരുത്തലും സംസ്ഥാനസമ്മേളനത്തിൽ അവതരിപ്പിച്ച സംഘടനാരേഖയുടെയും നിർവാഹകസമിതി തയ്യാറാക്കിയ പ്രവർത്തനപരിപാടികളുടെയും അവതരണവുമാണ് കൺവെൻഷനുകളിൽ നടക്കേണ്ടത്. ഈ കൺവെൻഷനുകളിൽ വച്ച് പ്രവർത്തനപരിപാടികൾ തങ്ങളുടേതാക്കി മാറ്റുന്ന പ്രവർത്തനം നടക്കണം. ഈ കൺവെൻഷനുകൾ ഒരു സംഘടനാ വിദ്യാഭ്യാസ പ്രവർത്തനം കൂടിയാണെന്ന് ഓർമിപ്പിക്കട്ടെ.

സമാന്തരമായി അംഗത്വപ്രവർത്തനവും നടക്കേണ്ടതുണ്ട്. നിലവിലുള്ള അംഗങ്ങളെ മുഴുവൻ നേരിൽ കണ്ടുതന്നെ പുതുക്കണം. അതോടൊപ്പം പുതിയ അംഗങ്ങളെ കണ്ടെത്താനുള്ള ശ്രമവും ഉണ്ടാകണം. നമ്മുടെ പ്രദേശത്ത് പരിഷത്തിലേക്ക് കൊണ്ടുവരേണ്ടവർ ആരൊക്കെയെന്ന് ചർച്ച ചെയ്ത് അവരെ കണ്ട് സംസാരിച്ച് അംഗങ്ങളാക്കി മാറ്റണം. സ്ത്രീകളെയും യുവാക്കളെയും വിവിധ വിഷയങ്ങളിൽ വൈദഗ്ധ്യമുള്ളവരെയും സംഘടനയിൽ കൊണ്ടുവരുന്നതിൽ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ജനങ്ങൾക്കിടയിലേക്ക് ഇറങ്ങിച്ചെന്ന് പ്രവർത്തിക്കാനുള്ള വലിയ ഒരു അവസരമായി "മൺസൂണിനെ വരവേൽക്കാം" പരിപാടിയെയും ജൂൺ 5ന്റെ പരിസരദിനാചരണത്തെയും നമുക്ക് മാറ്റാൻ കഴിയണം. യൂണിറ്റുകളും മേഖലകളും പരമാവധി കഴിവ് ഉപയോഗപ്പെടുത്തിക്കൊണ്ട് മൺസൂൺ മഴയെ നമ്മുടെ മണ്ണിലേക്കും ജലാശയങ്ങളിലേക്കും ഇറക്കുന്നതിനുള്ള പരിപാടികൾ നടത്തിക്കൊണ്ടുവേണം മൺസൂണിനെ വരവേൽക്കേണ്ടത്.

"connecting people to nature" എന്നതാണ് ഈ വർഷത്തെ പരിസരദിന മുദ്രാവാക്യം - ജനങ്ങളെ പ്രകൃതിയുമായി ബന്ധപ്പെടുത്തുക. നാനാവിധ പ്രവർത്തനപരിപാടികളാണ് പരിസരദിനത്തോടനുബന്ധിച്ച് നാടാകെ നടക്കാൻ പോകുന്നത്. വിവിധ സംഘടനകളും സ്ഥാപനങ്ങളും ഭരണസംവിധാനങ്ങളെല്ലാം ഈ ദിനാചരണത്തിൽ പങ്കാളികളാകും. നാം നമ്മുടെ തനിമ നിലനിർത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകണം. ഈ സന്ദർഭം പ്രയോജനപ്പെടുത്തിക്കൊണ്ട് connecting parishad to people എന്ന ലക്ഷ്യം കൂടി നാം മുന്നോട്ടുവയ്ക്കണം. ശക്തമായ ഒരു ജനകീയപ്രസ്ഥാനമായി പരിഷത്തിനെ മാറ്റാനുള്ള അവസരമായി ഇതിനെ കാണണം.

ഓരോ പ്രവർത്തനവും കൃത്യമായി അറിയിക്കാനും ശ്രദ്ധിക്കണേ..

സ്നേഹത്തോടെ
ടി.കെ.മീരാഭായ്
ജനറൽസെക്രട്ടറി

പത്രക്കുറിപ്പ്

## അംഗീകാരമില്ലാത്ത 1500ലേറെ സ്കൂൾ അടച്ചുപൂട്ടാനുള്ള ഡി.പി.ഐ നിർദ്ദേശം അടിയന്തിരമായി നടപ്പിലാക്കുക

സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന 1500ലേറെ സ്കൂൾ അടച്ചു പൂട്ടാനുള്ള ഡി.പി.ഐയുടെ നിർദ്ദേശത്തെ കേരള ശാസ്ത്രസാഹിത്യ പരിഷത്ത് സ്വാഗതം ചെയ്യുന്നു. 2009ലെ ദേശീയ വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കിയിട്ടും കേരളത്തിൽ അനധികൃത വിദ്യാലയങ്ങൾ പ്രവർത്തിച്ചു വരികയാണ്. അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന പ്രീ പ്രൈമറി വിദ്യാലയങ്ങളുടെ കണക്കു കൂടി വരുമ്പോൾ എണ്ണം ഇതിലേറെ കൂടുമെന്നുള്ളത് വസ്തുതയാണ്. മാത്രമല്ല സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ. അഫിലിയേഷൻ സെക്കണ്ടറി സ്കൂളുകൾക്ക് മാത്രമാണെന്നിരിക്കെ ഭാവിയിൽ അംഗീകാരം ലഭിക്കുമെന്ന് രക്ഷാകർത്താക്കളെ തെറ്റിദ്ധരിപ്പിച്ച് പ്രവർത്തിക്കുന്ന പ്രീ പ്രൈമറി, പ്രൈമറി വിദ്യാലയങ്ങളുമുണ്ട്. അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന ഈ വിദ്യാലയങ്ങളും അടച്ചു പൂട്ടേണ്ടതുണ്ട്.

കേരളത്തിന്റെ പൊതുവിദ്യാഭ്യാസമേഖലയെ തകർക്കുന്ന അനധികൃത വിദ്യാലയങ്ങൾ അടച്ചു പൂട്ടുന്നതോടൊപ്പം അൺഎയ്ഡഡ് സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ വിദ്യാലയങ്ങളുടെ മേൽ സാമൂഹ്യ നിയന്ത്രണം കൊണ്ടുവരുന്നതിനുള്ള നടപടികളും വിദ്യാഭ്യാസവകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടാവണം. സംസ്ഥാനത്ത് നടക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണപ്രവർത്തനങ്ങൾക്ക് കരുത്തു പകരുന്നതിനും പൊതുവിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്നവർക്ക് ആത്മവിശ്വാസം നൽകുന്നതിനും ഈ തീരുമാനം സഹായകമാവും. ഡി.പി.ഐ യോഗത്തിന്റെ നിർദ്ദേശം നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങളുമായി മുന്നോട്ടു പോകണമെന്ന് കേരള ശാസ്ത്രസാഹിത്യ പരിഷത്ത് കേരള സർക്കാരിനോട് അഭ്യർഥിക്കുന്നു.

പത്രക്കുറിപ്പ്

## വിഴിഞ്ഞം കരാർ റദ്ദാക്കുക. പദ്ധതി ഉപേക്ഷിക്കുക

വിഴിഞ്ഞം കരാർ അദാനി ഗ്രൂപ്പിന് സാമ്പത്തിക നേട്ടം ഉണ്ടാക്കുന്നതും സംസ്ഥാന ഖജനാവിന് വലിയ ബാധ്യത ഉണ്ടാക്കുന്നതും ആണെന്ന് സി. എ. ജി നിയമസഭയിൽ സമർപ്പിച്ച റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നു. പരിഷത്തുൾപ്പെടെ നിരവധി സംഘടനകളും വ്യക്തികളും ഇക്കാര്യം നേരത്തെ തന്നെ ചൂണ്ടിക്കാണിച്ചിരുന്നു. എന്നാൽ എതിർപ്പുകളെ ഒട്ടുംതന്നെ പരിഗണിക്കാതെയാണ് മുൻ സർക്കാരിന്റെ കാലത്ത് പദ്ധതിക്ക് കരാർ ഒപ്പിട്ടത്.

കേരളത്തിന്റെ ഏറ്റവും ജൈവസമ്പന്നവുമായ കടൽ മേഖലകളിൽ ഒന്നാണ് വിഴിഞ്ഞം. കടൽ ആവാസവ്യവസ്ഥയ്ക്ക് പദ്ധതിയുണ്ടാക്കുന്ന ആഘാതം ഏറെ വലുതാണെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. ജൈവവ്യവസ്ഥക്കുണ്ടാകുന്ന അപരിഹാര്യമായ ആഘാതങ്ങളെക്കുറിച്ച് ഗൗരവമായ അന്വേഷണം പരിസരാഘാത പത്രികയിലില്ല. ഇക്കാര്യം നിരവധി വിദഗ്ധർ ചൂണ്ടിക്കാണിച്ചെങ്കിലും അത് ഇപ്പോഴും കണക്കിലെടുത്തിട്ടില്ല. ഇന്ത്യയുടെ വിവിധ കടൽത്തീരങ്ങളിൽ വിവിധ ആവശ്യങ്ങൾക്കായി നിർമിക്കപ്പെട്ട പുലിമുട്ടുകൾ കടൽത്തീരത്തുണ്ടാക്കിയിട്ടുള്ള വളരെ അപകടകരവും പ്രത്യക്ഷവുമായ മാറ്റങ്ങളെ കണ്ടറിഞ്ഞുകൊണ്ട് വിഴിഞ്ഞം പദ്ധതിയുടെ ആഘാതം പരിഗണനയിൽ എടുത്തില്ല.

വിഴിഞ്ഞം പദ്ധതി സാമ്പത്തികമായി വൻനഷ്ടമാണെന്ന് കേന്ദ്രസർക്കാർ തന്നെ വ്യക്തമാക്കിയിരുന്നു. വാണിജ്യപ്രാധാന്യമുള്ള ഒരു തുറമുഖമെന്ന നിലയിലോ പ്രകൃതിദത്ത തുറമുഖമെന്ന നിലയിലോ വിഴിഞ്ഞത്തെ പരിഗണിക്കാനാവില്ല. അദാനിയുമായി കേരള സർക്കാർ നടത്തിയ ഒത്തുതീർപ്പു വ്യവസ്ഥകളിലൂടെ അവർക്ക് വലിയ ലാഭമുണ്ടാക്കുന്ന വിധത്തിലാണ് കരാർ രൂപപ്പെടുത്തിയത്. മൊത്തം പദ്ധതി പ്രദേശത്തിന്റെ മൂന്നിലൊന്ന് സ്ഥലം അദാനിയുടെ സ്വകാര്യ കമ്പനിക്ക് റിയൽ എസ്റ്റേറ്റിനായി വിട്ടുനൽകുകയും ഇത് ഈടുവച്ച് വായ്പയെടുക്കാൻ അവർക്ക് അവകാശം നൽകുകയും ചെയ്തു. അവിടെ നടക്കുന്ന സ്വകാര്യ നിർമാണങ്ങൾ പോർട്ടിന്റെ പേരിലായതിനാൽ നിലവിലുള്ള തീരദേശ നിയന്ത്രണനിയമങ്ങൾ ബാധകമല്ലതാനും.

പദ്ധതിയുടെ ഭാഗമായി വരേണ്ട പ്രധാനപ്പെട്ട ചെലവുകൾ പദ്ധതിക്ക് പുറത്താണ്. ഉദാഹരണമായി പുനരധിവാസ ചെലവുകൾ. 3000 പേരെയാണ് പുനരധിവസിപ്പിക്കേണ്ടിവരുന്നത്. കേരളം നേരിടാൻ പോകുന്ന ഏറ്റവും വലിയ പുനരധിവാസ പദ്ധതിയാണ് ഇത്. ഇത് സംബന്ധിച്ച് ഇപ്പോഴും വ്യക്തതയില്ല.

തീരദേശ നിയന്ത്രണ നിയമങ്ങൾ ഒന്നും ബാധക മാകാതെ അദാനിക്ക് കടൽ തീരത്ത് റിയൽ എസ്റ്റേറ്റ് ബിസിനസ്സു നടത്താൻ സൗകര്യമൊരുക്കി എന്നല്ലാതെ കേരളത്തിന്റെ ദീർഘകാല വികസനത്തിൽ പദ്ധതി ഒരു പങ്കും വഹിക്കാൻ പോകുന്നില്ല. മാത്രമല്ല, കേരളത്തിലെ ഏറ്റവും ജൈവ സമ്പന്നമായ വിഴിഞ്ഞം കടൽ മേഖലക്കും തീരപ്രദേശത്തിനും ഉണ്ടാകാൻ പോകുന്ന ആഘാതത്തെ സംബന്ധിച്ച് ശാസ്ത്രലോകം നൽകിയ മുന്നറിയിപ്പും പരിഗണിക്കുകയുണ്ടായില്ല. ഇതിനെല്ലാം പുറമെയാണ് ഇപ്പോൾ സി എ ജി ചൂണ്ടിക്കാണിച്ചിരിക്കുന്ന വൻ സാമ്പത്തിക അഴിമതി.

ആയതിനാൽ സി എ ജി റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ വിഴിഞ്ഞം കരാർ റദ്ദാക്കണമെന്നും പദ്ധതി ഉപേക്ഷിക്കണമെന്നും സംസ്ഥാനസർക്കാരിന് വൻബാധ്യതയായ കരാറിനെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തണമെന്നും കേരള ശാസ്ത്രസാഹിത്യ പരിഷത്ത് അഭ്യർത്ഥിക്കുന്നു.

## പുഴയറിവ് ജലമറിവ് - അരയിപ്പുഴ പഠനയാത്ര

കാസർകോഡ് : ജില്ലാ പരിസ്ഥിതി സമിതിയുടെ സഹകരണത്തോടെ മേഖലാകമ്മിറ്റി സംഘടിപ്പിച്ച പുഴപഠന യാത്ര മെയ് 8, 15 തിയതികളിലായി നടന്നു. രണ്ട് ദിവസങ്ങളിലായി 16 കിലോമീറ്റർ സഞ്ചരിച്ച പഠനയാത്രയിൽ 32 പേർ പങ്കെടുത്തു. വിവിധ കേന്ദ്രങ്ങളിൽ ജാഥയ്ക്ക് സ്വീകരണങ്ങൾ ലഭിക്കുകയുണ്ടായി ജൈവ വൈവിധ്യ സമ്പന്നമായ അരയിപ്പുഴയുടെ തീരത്തുകൂടിയുള്ള യാത്ര മനോഹരമായ അനുഭവമായിരുന്നു. ജാഥയുടെ ഉദ്ഘാടനം ജില്ലാ പ്രസിഡന്റ് പി.വി പ്രദീപ് നിർവ്വഹിച്ചു. പരിസരവിഷയ സമിതി കൺവീനർ എം.ഗോപാലൻ, പരിസ്ഥിതി സമിതി ജില്ലാ സെക്രട്ടറി അഡ്വ.ടി.വി രാജേന്ദ്രൻ' ജില്ലാ സെക്രട്ടറി മധുസൂദനൻ എന്നിവർ സംസാരിച്ചു. മേഖലാസെക്രട്ടറി പി.കുഞ്ഞിക്കണ്ണൻ സ്വാഗതവും എം. രമേശൻ നന്ദിയും പറഞ്ഞു.

പത്രക്കുറിപ്പ്

## സ്വാശ്രയ മെഡിക്കൽ കോളേജിലെ ഫീസ് വർധന പിൻവലിക്കുക

സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ക്ലിനിക്കൽ പിജി പ്രവേശനത്തിന് മെറിറ്റ് സീറ്റുകളിലെ ഫീസ് 6.5 ലക്ഷം രൂപയിൽ നിന്ന് 14 ലക്ഷം രൂപയായി ഉയർത്തിയ സർക്കാർ നടപടി പിൻവലിക്കണമെന്ന് കേരള ശാസ്ത്രസാഹിത്യ പരിഷത്ത് ആവശ്യപ്പെടുന്നു. മെറിറ്റ്, പേയ്മെന്റ് സീറ്റുകളിലെ ഫീസ് ഏകീകരിക്കുന്നതിന്റെ പേരിലാണ് ഈ വർധനവ് വരുത്തിയിട്ടുള്ളത്. പേയ്മെന്റ് സീറ്റുകളിലെ ഫീസ് 18 ലക്ഷമായിരുന്നത് 14 ലക്ഷം ആക്കി മാറ്റിയിട്ടുമുണ്ട്. ഇതേ കാരണംകൊണ്ടുതന്നെ നോൺ ക്ലിനിക്കൽ സീറ്റുകളിലെ ഫീസ് 8 ലക്ഷം രൂപയായായി വർദ്ധിപ്പിച്ചിരിക്കുന്നു.

ഫീസ് വർദ്ധിപ്പിച്ചില്ലെങ്കിൽ കോളേജുകൾ നഷ്ടത്തിലാകുമെന്ന ഉടമകളുടെ വാദം അംഗീകരിച്ചാണ് സർക്കാർ ഈ വർധനവിന് മുതിർന്നിട്ടുള്ളത്. കോളേജ് ഉടമകളുടെ ഈ വാദം വസ്തുതാവിരുദ്ധമാണ്. മെഡിക്കൽ കോളേജുകളിൽ രണ്ടുതരം വരുമാനമുണ്ട്. ഒരു വശത്ത് വിദ്യാർത്ഥികളുടെ ഫീസും മറുവശത്ത് രോഗികളിൽ നിന്നുമുള്ള ചികിത്സാഫീസും അനുബന്ധവരവുകളും. ഈ രണ്ടാമത്തെ വരുമാനം മറച്ചുവെച്ചുകൊണ്ടാണ് കോളേജ് നടത്തിപ്പുകാർ വരുമാനത്തിന്റെ കണക്കുകൾ എപ്പോഴും അവതരിപ്പിക്കുന്നത്. ഈ വരുമാനം ഉണ്ടാകുന്നത് പി.ജി വിദ്യാർത്ഥികൾ ഡ്യൂട്ടി ഡോക്ടർമാരായി സേവനം അനുഷ്ഠിക്കുന്നതുകൊണ്ട് കൂടിയാണ്. ആശുപത്രികളിൽ നിന്ന് വരുമാനമില്ല എന്ന കോളേജ് ഉടമകളുടെ വാദം വിശ്വസനീയമല്ല.

മെഡിക്കൽ കോളേജിന്റെ ചെലവുകൾ ശമ്പള ഇനത്തിനും ആശുപത്രി നടത്തിപ്പിലും നിന്ന് ഉണ്ടാകുന്നതാണ്. ഇതു മുഴുവൻ വിദ്യാർത്ഥി ഫീസ് ആയി വാങ്ങുകയും ആശുപത്രിയിലെ ചികിത്സയിൽ നിന്നുമുള്ള വരുമാനം കോളേജ് ഉടമകളുടെ മൂലധന സഞ്ചയത്തിലേക്ക് പോവുകയും ചെയ്യുന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്. ഈ രീതി ഒട്ടും ആശാസ്യമല്ല. ഇത്തരം അമിതമായ ഫീസ് വർധന കേരളത്തിന്റെ ആരോഗ്യമേഖലയിൽ നിരവധി അനാരോഗ്യ പ്രവണതകൾക്ക് കാരണമാകുമെന്നതും പരിഗണിക്കണം. മെഡിക്കൽ പിജി ഫീസ് വർധനവ് ബിരുദകോഴ്സായ എം.ബി.ബി.എസിനും പാരാമെഡിക്കൽ കോഴ്സുകൾക്കും എഞ്ചിനീയറിംഗിനും ഒക്കെ കുത്തനെ ഫീസ് വർദ്ധിപ്പിക്കുവാനുള്ള പ്രേരണയാകും. ആ നിലയ്ക്ക് ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള ഫീസ് വർദ്ധന പൂർണ്ണമായും പിൻപവലിക്കണമെന്നും സ്വാശ്രയമേഖലയിലെ ചെലവുകളും വരുമാനവും സംബന്ധിച്ച് വിശദമായ പഠനത്തിന് ശേഷം മാത്രം യുക്തിസഹമായ രീതിയിൽ ഫീസ് നിർണയിക്കുക എന്ന നയം സർക്കാർ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

പത്രക്കുറിപ്പ്

## ഹയർസെക്കന്ററിപ്രവേശനം ഹൈക്കോടതിവിധിക്കെതിരെ അപ്പീൽ നൽകണം

കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ പഠിച്ച് പരീക്ഷയെഴുതി വിജയം നേടിയ 4,37,156 കുട്ടികൾ മെയ് 5 മുതൽ 11-ാം ക്ലാസ് പ്രവേശനത്തിന് അപേക്ഷ നൽകി കാത്തിരിക്കുമ്പോൾ ജൂൺ രണ്ടാം വാരത്തിനുശേഷം ഫലം വരുന്ന സി.ബി.എസ്.ഇ സ്കൂളിൽ പഠിച്ച 30,000 പേർക്കായി പ്രവേശനനടപടികൾ അനന്തമായി നീട്ടിവയ്ക്കാൻ നിർദേശം നൽകിയ ഹൈകോടതിതീരുമാനം ഖേദകരമാണ്. കേരളത്തിൽ പൊതുവിദ്യാഭ്യാസമേഖലയിൽ 4000ത്തിലധികം ഹൈസ്കൂളുകൾ ഉണ്ടായിട്ടും സ്വകാര്യ സി.ബി.എസ്.ഇ വിദ്യാലയങ്ങൾ പത്താംക്ലാസ് വരെ പഠിക്കാൻ തെരഞ്ഞെടുത്ത 30,000 കുട്ടികൾക്കുവേണ്ടി നാലുലക്ഷത്തിലധികം വരുന്ന സാധാരണക്കാരുടെ മക്കളെ കണ്ടില്ലെന്ന് നടിക്കുന്ന കോടതിയുടെ തീരുമാനത്തിനെതിരെ സംസ്ഥാനസർക്കാർ അപ്പീൽ നൽകണമെന്ന് ശാസ്ത്രസാഹിത്യപരിഷത്ത് ആവശ്യപ്പെടുന്നു.

കേരളത്തിലെ കാലാവസ്ഥക്കും ജീവിതരീതിക്കും അനുസൃതമായി ജൂൺ മുതൽ ആരംഭിച്ച് മാർച്ചിൽ അവസാനിക്കുന്ന അക്കാദമികതലങ്ങൾ പിന്തുടരുന്ന പൊതുവിദ്യാലയങ്ങൾ ദേശീയതലത്തിലെ കലണ്ടറിനനുസൃതമായി പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ ക്കുവേണ്ടി കാത്തിരിക്കുമ്പോൾ നമ്മുടെ കുട്ടികൾക്ക് നഷ്ടമാകുന്നത് വിലപ്പെട്ട പ്രവൃത്തിദിനങ്ങളാണ്. മെയ് 5ന് എസ്.എസ്.എൽ.എസി ഫലം പുറത്തുവന്നപ്പോൾ ജൂൺ 14ന് ക്ലാസുകൾ ആരംഭിക്കാനം 200 പ്രവൃത്തിദിനങ്ങളും 1000 പഠനമണിക്കൂറുകളും പ്ലസ് വൺ ക്ലാസ്സുകളിൽ ലഭിക്കാനം സർക്കാർ നടപടിയെടുത്ത് പ്രവേശന കലണ്ടർ പ്രസിദ്ധീകരിച്ചിരുന്നതാണ്. മാത്രമല്ല സംസ്ഥാനതലത്തിൽ എസ്.എസ്.എൽ.സി പഠനവർഷം മറ്റു ബോർഡുകളുടെ പരീക്ഷ പാസായവരുമുൾപ്പെടെ 4.50 ലക്ഷം സീറ്റുകൾ പ്ലസ് വണ്ണിന് ഉറപ്പാക്കിയുമാണ് സർക്കാർ പ്രവേശനനടപടികൾ ആരംഭിച്ചത്. എന്നാൽ റിസൾട്ട് എന്ന് പ്രസിദ്ധീകരിക്കും എന്നതുൾപ്പെടെ പ്രഖ്യാപിക്കാത്ത സി.ബി.എസ്.ഇ സ്കൂൾകുട്ടികൾക്കായി പ്രവേശനനടപടികൾ വൈകിപ്പിക്കുന്നതിലൂടെ വിലപ്പെട്ട രണ്ട് മാസവും 40ലേറെ പ്രവൃത്തിദിനങ്ങളുമാണ് സ്റ്റേറ്റ് സിലബസിലെ കുട്ടികൾക്ക് നഷ്ടപ്പെടുക. എന്നാൽ സി.ബി.എസ്.ഇ സ്കൂളുകളിൽ പഠനം തുടരുന്ന കുട്ടികൾക്ക് പൂർണമായി 200 പ്രവൃത്തിദിനങ്ങൾ പൂർത്തിയാക്കി മാത്രമേ പരീക്ഷാതീയതി പ്രഖ്യാപിക്കൂ. മാത്രമല്ല സി.ബി.എസ്.ഇ യിൽ പ്ലസ് വണ്ണിന് നിലവിൽ സ്കൂൾ പരീക്ഷ മാത്രമേയുള്ളൂ. ഈ രീതിയിൽ ഫെഡറൽ സംവിധാനത്തിന്റെ സ്വാതന്ത്ര്യത്തെ ഉൾപ്പെടെ ഹനിക്കുന്ന കൺകറന്റ് ലിസ്റ്റിൽപെട്ട വിദ്യാഭ്യാസത്തെ സ്റ്റേറ്റിന്റെ താൽപര്യങ്ങൾ തകർത്ത് കേന്ദ്രസംവിധാനത്തിന്റെ നിയന്ത്രണങ്ങൾക്ക് കീഴിലാക്കുന്ന നടപടികൂടിയാണിത്. ഇതിനെതിരെ വലിയ തോതിലുള്ള പ്രക്ഷോഭം ഉയർന്നുവരണം. പൊതുവിദ്യാലയങ്ങളെ ഗുണമേന്മയുള്ള വിദ്യാഭ്യാസ കേന്ദ്രമാക്കുന്നതിനുള്ള സംസ്ഥാന സർക്കാറിന്റെ നടപടികളെ തകർക്കാനേ കോടതിവിധി സഹായിക്കൂ.

കേരളത്തിന്റെ സാമൂഹികവികസനത്തിന്റെ അടിത്തറപാകിയ പൊതുവിദ്യാഭ്യാസത്തെയും അതിന്റെ പാഠ്യപദ്ധതിയെയും സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങളിൽ പൊതുമാധ്യമങ്ങളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഉൾപ്പെടെയുള്ള എല്ലാ വിഭാഗത്തിന്റെയും യോജിച്ചുള്ള ഇടപെടലുണ്ടാകണമെന്ന് ശാസ്ത്രസാഹിത്യ പരിഷത്ത് അഭ്യർഥിക്കുന്നു.

## സ്വാശ്രയഫീസ് ഏകീകരണത്തിനെതിരെ പ്രതിഷേധം




കണ്ണൂർ : സ്വാശ്രയ മേഖലയിലെ കൊള്ളക്കെതിരെയും അനിയന്ത്രിത ഫീസ് വർധനവിനെതിരെയും ശാസ്ത്ര സാഹിത്യ പരിഷത്ത് കണ്ണൂരിൽ പ്രതിഷേധ സായാഹ്നം സംഘടിപ്പിച്ചു. സ്വാശ്രയ കോളേജിലെ ഫീസ് വർധനവ് പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് കണ്ണൂർ നഗരത്തിൽ നടത്തിയ പ്രതിഷേധ ജാഥ കാൽടെക്സിൽ സമാപിച്ചു. പ്രതിഷേധ സായാഹ്നം ശാസ്ത്രസാഹിത്യ പരിഷത്ത് സംസ്ഥാന പ്രസിഡണ്ട് ടി.ഗംഗാധരൻ ഉദ്ഘാടനം ചെയ്തു. ഒ.സി ബേബി ലത, കെ.വിലാസിനി, പ്രൊഫ.കെ.ബാലൻ, കെ.സതീശൻ എന്നിവർ പ്രസംഗിച്ചു.

## അത്ഭുതകരമായ ആകാശം ക്ലാസും വാനനിരീക്ഷണവും



തുരുത്തിക്കര: ശാസ്ത്രസാഹിത്യ പരിഷത് തുരുത്തിക്കര യൂണിറ്റിലെ യുവസമിതിയുടെയും പുലരി ബാലവേദിയുടെയും ആഭിമുഖ്യത്തിൽ എറണാകുളം മഹാരാജാസ് കോളേജിലെ അസ്ട്രോണമി ക്ലബ്ബുമായി സഹകരിച്ചുകൊണ്ട് "അത്ഭുതകരമായ ആകാശം" ക്ലാസും ടെലസ്കോപ് ഉപയോഗിച്ചുള്ള വാനനിരീക്ഷണവും സംഘടിപ്പിച്ചു. തുരുത്തിക്കര ഗവ.ടെക്നിക്കൽ ഹൈസ്കൂളിൽ സംഘടിപ്പിച്ച പരിപാടികൾ മുളംതുരുത്തി ബ്ലോക്ക് പഞ്ചായത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ സുധാ രാജേന്ദ്രൻ ഉത്ഘാടനം ചെയ്തു. മുളംതുരുത്തി ഗ്രാമപഞ്ചായത് പത്താം വാർഡ് മെമ്പർ നിജി ബിജു ആശംസകൾ നേർന്നു കൊണ്ട് സംസാരിച്ചു. മഹാരാജാസ് കോളേജിലെ ഫിസിക്സ് വിഭാഗം മേധാവിയും ശാസ്ത്രഗതി മാസിക എഡിറ്ററുമായ ഡോ.എൻ.ഷാജി പരിപാടികൾക്ക് നേതൃത്വം നൽകി. യുവസമിതി പ്രസിഡന്റ് നിതിൻ രാജു അധ്യക്ഷത വഹിച്ച യോഗത്തിന് കൺവീനർ ചിന്നു വി.ആർ സ്വാഗതവും പുലരി ബാലവേദി സെക്രട്ടറി കെ.ബി.കൃഷ്ണപ്രിയ നന്ദിയും പറഞ്ഞു.

## പൊതുവിദ്യാഭ്യാസ സംരക്ഷണ ക്യാമ്പയിൻ

എലവഞ്ചേരി : പരിഷദ് എലവഞ്ചേരി യൂണിറ്റിന്റെ നേതൃത്വത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ സദസ്സും ക്യാമ്പയിനും സംഘടിപ്പിച്ചു. പൊതുവിദ്യാഭ്യാസ സംരക്ഷണ സദസ്സ് കരിങ്കുളം സയൻസ് സെന്ററിൽ വെച്ച് എലവഞ്ചേരി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.ശിവരാമൻ ഉദ്ഘാടനം ചെയ്തു. പരിഷത്ത് സംസ്ഥാന സെക്രട്ടറി കെ മനോഹരൻ മാസ്റ്റർ പൊതുവിദ്യാഭ്യാസ സംരക്ഷണ പ്രഭാഷണം നടത്തി. തുടർപ്രവർത്തനമായി എലവഞ്ചേരിയിലെ 3000 വീടുകളിൽ പരിഷത്ത് പ്രവർത്തകരുടെ നേതൃത്വത്തിൽ ഗൃഹസന്ദർശനവും നോട്ടീസ് വിതരണവും നടത്തി.

## മൺസൂണിനെ വരവേൽക്കാം ക്യാമ്പയിൻ ആരംഭിച്ചു



മാലൂർ: ജൂൺ അഞ്ച് ലോക പരിസരദിനത്തോടനുബന്ധിച്ച് ശാസ്ത്രസാഹിത്യ പരിഷത്ത് കണ്ണൂർ ജില്ലാക്കമ്മിറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന "മൺസൂണിനെ വരവേൽക്കാം" പരിപാടിക്ക് തുടക്കമായി. കിണർ റീച്ചാർജ്ജിംഗ് ടെക്നീഷ്യൻമാർക്കുള്ള ജില്ലാതല പരിശീലനം നൽകിക്കൊണ്ട് ആലച്ചേരിയിൽ തുടക്കം കുറിച്ചു. കോളയാട് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് കെ.പി. സുരേഷ്കുമാർ ഉദ്ഘാടനം ചെയ്തു. പരിഷത്ത് കണ്ണൂർ ജില്ലാ പ്രസിഡണ്ട് പ്രൊഫ. കെ. ബാലൻ അധ്യക്ഷത വഹിച്ചു. കണ്ണൂർ ജില്ലാ പരിസരവിഷയസമിതി കൺവീനർ കെ.വിനോദ് കുമാർ, ഒ.പ്രതീശൻ എന്നിവർ സംസാരിച്ചു. ഐ.ആർ.ടി.സി മാസ്റ്റർ ട്രെയ്നർ കെ.ലളിതൻ പരിശീലനം നൽകി. കണ്ണൂർ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ 50 പേർ പരിശീലന പരിപാടിയിൽ പങ്കെടുത്തു. അവരെ ഉൾപ്പെടുത്തിക്കൊണ്ട് കിണർ റീച്ചാർജ്ജിംഗ് ചെയ്തുകൊടുക്കുന്നതിനുള്ള സാങ്കേതിക സേന ഉണ്ടാക്കി. തുടർന്ന് പരിഷത്തിന്റെ 14 മേഖലകളിലും പരിശീലനം നടക്കും. പരിശീലനം കൊടുക്കാൻ താൽപ്പര്യമുള്ള സംഘടനകൾ, പഞ്ചായത്തുകൾ എന്നിവർക്ക് ഈ സാങ്കേതിക സേനയുടെ സഹായം ലഭ്യമാക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു. തുടർന്ന് "വരൂ കാലവർഷത്തെ വരവേൽക്കാം" എന്ന പ്രവർത്തനത്തിന്റെ ഭാഗമായി വായനശാലകൾ, പരിഷത്ത് യൂണിറ്റുകൾ, പൊതുഇടങ്ങൾ എന്നിവിടങ്ങളിൽ മഴക്കുഴി നിർമ്മാണം, മഴപ്പാട്ടുകൾ, മഴവെള്ള സംഭരണത്തിനുള്ള പരിശീലനം, മഴനനയൽ ക്യാമ്പ് എന്നിവ സംഘടിപ്പിക്കും.

1000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള മേൽക്കൂരയിൽ പെയ്യുന്ന മഴവെള്ളം ശുദ്ധീകരിച്ച് കിണറിലേക്കൊഴുക്കുന്ന ഒരു യൂണിറ്റിന് 2500 രൂപ മതിയാകും.

## ഊർജസംരക്ഷണ ക്ലാസ്സ്

കൂത്താട്ടുകുളം : ശാസ്ത്രസാഹിത്യ പരിഷത്ത് കൂത്താട്ടുകുളം മേഖലയും വടകര മഹാത്മജി മെമ്മോറിയൽ ഗ്രന്ഥശാലയും സംയുക്തമായി നടത്തിയ "വായനശാലയിൽ നിന്നും വീട്ടുമുറ്റത്തേക്ക്" എന്ന ക്ലാസ്സ് പരമ്പരയിലെ രണ്ടാമത്തെ ക്ലാസ് "ഊർജ സംരക്ഷണം" എന്ന വിഷയത്തെ അടിസ്ഥാനമാക്കി മെയ് 11ന് വ്യാഴാഴ്ച വൈകിട്ട് 6.30ന് കുരണ്ടിപ്പിള്ളിൽ ജോയി പുളിന്താനത്തിന്റെ വീട്ടുമുറ്റത്ത് നടന്നു. പരിഷത്ത് ഡോക്യുമെന്ററിയായ "നിലവിളി" യുടെ പ്രദർശനത്തിനു ശേഷം ലൈബ്രറി പ്രസിഡന്റ് കെ.കെ. ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ച ചടങ്ങിന് ഷൈജു ജോൺ സ്വാഗതം ആശംസിച്ചു. ജയൻ റിട്ട. A.E KSEB, അനൂപ് A.E. KSEB കൂത്താട്ടുകുളം, വി.കെ.ശശിധരൻ, പി കെ വിജയൻ, എം.എ.അനിൽ കുമാർ, അഭിലാഷ് അയ്യപ്പൻ, വർഗീസ് മാണി എന്നിവർ സംസാരിച്ചു. KSEB സീനിയർ സൂപ്രണ്ട് ഓമന വിജയൻ വൈദ്യുതി ബില്ലുമായി ബന്ധപ്പെട്ട് ഉപഭോക്താക്കൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ അവതരിപ്പിച്ചു. പതിനാറ് കുടുംബങ്ങളിൽ നിന്നായി അറുപത് പേർ പങ്കെടുത്തു.

## കിണർ റീചാർജിങ്ങ് പരിശീലനം



മുപ്പത്തടം : മുപ്പത്തടം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചുവരുന്ന ജല സംരക്ഷണ ക്യാമ്പയിനിന്റെ ഭാഗമായി നവകിരൺ റസിഡന്റ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ വീട്ടുമുറ്റ ക്ലാസും കിണർ റീചാർജ്ജിങ്ങ് പരിശീലനവും സംഘടിപ്പിച്ചു. ഐ വി സോമൻ ജലസംരക്ഷണത്തിന്റെ പ്രാധാന്യം വിശദീകരിക്കുന്ന ക്ലാസ് എടുത്തു . ജലസംരക്ഷണത്തിൽ അറിവിനേക്കാൾ തിരിച്ചറിവിന്റെ പ്രാധാന്യം അദ്ദേഹം എടുത്തു പറഞ്ഞു. ദിലീപ് അരയൻകാവ് പരിശീലനത്തിനു നേതൃത്വം നൽകി. എൻ.എൻ.നമ്പീശൻ സ്വാഗതവും വേണുഗോപാൽ നന്ദിയും പറഞ്ഞു.

## കിണർ റീചാർജിങ്ങ് പരിശീലനം




പേരാമ്പ്ര: നൊച്ചാട് ഗ്രാമപഞ്ചായത്തും ശാസ്ത്രസാഹിത്യ പരിഷത്ത് പേരാമ്പ്ര മേഖലാകമ്മറ്റിയും സംയുക്തമായി ചെറുവാളൂർ ഗവ: എൽ.പി.സ്കൂളിൽ വെച്ച് കിണർ റീചാർജ്ജിങ്ങ് പരിശീലനം നടത്തി. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് പി.എൻ ശാരദ ഉദ്ഘാടനം ചെയ്തു . പരിഷത്ത് സംസ്ഥാന സെക്രട്ടറി കെ.രാധൻ, നിജീഷ്. ടി, സജീവൻ.വി, കെ.എം. ചന്ദൻ എന്നിവർ ക്ലാസുകൾ എടുത്തു. വാർഡ് മെമ്പർമാരായ അജിത വി കെ , എം.കെ അമ്മദ് ,ശോഭന വൈശാഖ്, സിന്ധു, റിനി.ഇ പി, പരിഷത്ത് ജില്ലാ ജോ.സെക്രട്ടറി പി.കെ സതീശ് ,ടി.സി സിദിൻ എന്നിവർ ആശംസ അർപ്പിച്ചു സംസാരിച്ചു.വി.കെ സജീവൻ സ്വാഗതം പറഞ്ഞ ചടങ്ങിൽ ടി.സുരേഷ് അധ്യക്ഷം വഹിച്ചു പരിശീലനം ലഭിച്ച ആളുകൾ തുടർന്ന് നടക്കുന്ന കിണർ റീചാർജ്ജ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും

## അധ്യാപകർക്കായി ഒരു ഐടി പരിശീലനം



പേരാമ്പ്ര : കേരള ശാസ്ത്രസാഹിത്യ പരിഷത്ത് പേരാമ്പ്ര മേഖല കമ്മറ്റി പ്രൈമറി അധ്യാപകർക്കായി ഐ.ടി പരിശീലനം സംഘടിപ്പിച്ചു. മൊബൈൽ ഫോൺ ഉപയോഗിച്ച് കൊണ്ട് എങ്ങനെ പഠന പ്രവർത്തനങ്ങൾ ഒരുക്കാം എന്ന വിഷയത്തിൽ സിദിൻ ടി സി ക്ലാസ് എടുത്തു. പവർ പോയിന്റ് നിർമ്മാണം വർക്ക് ഷീറ്റ്, പാനൽ നിർമ്മാണം, മൊബൈൽ വീഡിയോ എഡിറ്റിംഗ്, പി.ഡി.എഫ് ഫയൽ നിർമ്മാണം , വീഡിയോ ടീച്ചർ വേർഷൻ നിർമ്മാണം, തുടങ്ങിയവക്കാണ് പരിശീലനം നൽകിയത് . പരിപാടിയുടെ ഔപചാരിക ഉദ്ഘാടനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സുനിൽ കുമാർ അരീക്കാം വീട്ടിൽ നിർവഹിച്ചു. ബി.പി.ഒ ശ്രീധരൻ .കെ അധ്യക്ഷം വഹിച്ച ചടങ്ങിൽ പരിഷത്ത് സംസ്ഥാന സെക്രട്ടറി കെ രാധൻ മാസ്റ്റർ ആശംസ അർപ്പിച്ചു. എ.ജമാൽ മാസ്റ്റർ സ്വാഗതവും ടി.സുരേഷ് നന്ദിയും അർപ്പിച്ചു

## ഗ്രാമപത്രം

- കന്നുകാലി ഹത്യ നിരോധനം നമ്മുടെ
- കാർഷിക വ്യവസ്ഥയെ പുഷ്ടിപ്പെടുത്തില്ല
- സമ്പദ് വ്യവസ്ഥയെ ദുർബലപ്പെടുത്തും
- ജനങ്ങളെ ഭിന്നിപ്പിക്കും
- ഫെഡറൽ സംവിധാനത്തെ തകർക്കും

# തൊഴിലുറപ്പ് പദ്ധതിയുടെ ഏറ്റവും വലിയ ഗുണഭോക്താവ് മൈക്രോസോഫ്റ്റ് - പ്രൊഫ.സി.കെ.രാജു

### ഗ്നു-ലിനക്സ് ഇൻസ്റ്റാൾ ഫെസ്റ്റും ഓപൺഫോറവും സംഘടിപ്പിച്ചു.

തൃശ്ശൂർ : തൊഴിലുറപ്പു പദ്ധതിയുടെ വലിയ ഉപഭോക്താവ് മൈക്രോസോഫ്റ്റ് ആണെന്ന് പ്രൊഫ.സി.കെ.രാജു (ജ്യോതി എഞ്ചിനീയറിംഗ് കോളേജ്) അഭിപ്രായപ്പെട്ടു. 2011 ലെ കണക്ക് പ്രകാരം തൊഴിലുറപ്പു പദ്ധതിയുടെ നിരീക്ഷണത്തിനായുള്ള സോഫ്റ്റ് വെയർ ലൈസൻസ് ഫീ ഇനത്തിൽ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നായി അഞ്ചുവർഷത്തേക്ക് ഇരുപത്തിരണ്ടായിരം കോടി രൂപയാണ് മൈക്രോസോഫ്റ്റിന് കേന്ദ്ര സർക്കാർ നൽകുന്നത്.



ഡി.എ.കെ.എഫ് സംസ്ഥാന സെക്രട്ടറി ശിവഹരി ഇൻസ്റ്റാൾ ഫെസ്റ്റ് ഉദ്ഘാടനം ചെയ്യുന്നു

കേരളശാസ്ത്രസാഹിത്യപരിഷത്ത്, സ്വതന്ത്ര സോഫ്റ്റ്വെയർ യൂസർഗ്രൂപ്പ് തൃശ്ശൂർ, സ്വതന്ത്രജനാധിപത്യ സഖ്യം, ICFOSS, IT@School എന്നിവരുടെ സഹകരണത്തോടെ കേരള സാഹിത്യ അക്കാദമി വൈലോപ്പിള്ളി ഹാളിൽ നടന്ന ഗ്നുലിനക്സ് ഇൻസ്റ്റാൾ ഫെസ്റ്റിവലിലെ സ്വതന്ത്ര സോഫ്റ്റ് വെയർ ഓപ്പൺഫോറത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്വതന്ത്ര സോഫ്റ്റ് വെയറിന്റെ രാഷ്ട്രീയം സംസാരിച്ചുകൊണ്ട് ഡി.എ.കെ.എഫ് സംസ്ഥാന സെക്രട്ടറി ശിവഹരി പരിപാടി ഉദ്ഘാടനം ചെയ്തു. തുടർന്ന് പ്രവീൺ അരിമ്പ്രത്തൊടിയിൽ സ്വതന്ത്രസോഫ്റ്റ് വെയറിന്റെ സാങ്കേതികത്വങ്ങൾ പരിചയപ്പെടുത്തി. it@school ജില്ലാ കോർഡിനേറ്റർ അജയകുമാർ വിദ്യാലയങ്ങളിൽ ഗ്നുലിനക്സ് വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിശദീകരിച്ചു. ശാസ്ത്രസാഹിത്യ പരിഷത്ത് ജില്ലാക്കമ്മിറ്റിയംഗം സുദർശനൻ അധ്യക്ഷതവഹിച്ചു. ഗ്നു-ലിനക്സ് ഓപറേറ്റിംഗ് സിസ്റ്റം ഇൻസ്റ്റലേഷൻ മുജീബ് റഹ്മാൻ പരിചയപ്പെടുത്തി. പരിപാടിയിൽ ഗ്നു/ലിനക്സ് ഓപറേറ്റിംഗ് സിസ്റ്റങ്ങൾ ഇൻസ്റ്റാൾ ചെയ്തു കൊടുക്കുകയും ഗ്നു/ലിനക്സ് iso ഡിവിഡിയിലാക്കി നൽകുകയും ചെയ്തു. ശാസ്ത്രസാഹിത്യ പരിഷത്ത് ഐടി കൺവിനർ ജോസഫ് എൻ.ഡി, മലയാളം വിക്കിപീഡിയ പ്രവർത്തകൻ മനോജ് കരിങ്ങാമഠത്തിൽ എന്നിവർ സംസാരിച്ചു.

# ചങ്ങാതിക്കൂട്ടം സഹവാസക്യാമ്പ്




നെന്മണ്ട : കേരളശാസ്ത്ര സാഹിത്യ പരിഷത്ത് ചേളന്നൂർ മേഖലാക്കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച "ചങ്ങാതിക്കൂട്ടം"അവധിക്കാല സഹവാസക്യാമ്പ് മെയ് 13,14 തിയ്യതികളിൽ നന്മണ്ട ബാലബോധിനി എ.എൽ.പി .സ്കൂളിൽ നടന്നു. മെയ് 13ന് രാവിലെ പരിഷത്ത് മേഖലാ പ്രസിഡണ്ട് പി.ബിജുവിന്റെ അധ്യക്ഷതയിൽ ഗ്രാമപ്പഞ്ചായത്ത് പ്രസിഡണ്ട് കുണ്ടൂർ ബിജു ക്യാമ്പ് ഉദ്ഘാടനം നിർവ്വഹിച്ചു. യു.മൊയ്തീൻ ക്യാമ്പ് പരിപാടികൾ വിശദീകരിച്ചു. തുടർന്ന് സുരേന്ദ്രൻ ചെത്തുകടവ്(ശാസ്ത്രവിസ്മയം), പുരുഷു പാവണ്ടൂർ (ഗണിതം മധുരം), ഗിരീഷ് ബാബു.ടി.എം.(കളിക്കാം പഠിക്കാം), ഗിരീഷ് ആമ്പ്ര(പാടാം പഠിക്കാം), ബിജു കാമൂർ (മധുരം മലയാളം),യു മൊയ്തീൻ(ഒറിഗാമി), എന്നിവർ പഠന പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി.

14 ന് നടന്ന സമാപന പരിപാടിയിൽ എ.കെ.ശശി അധ്യക്ഷത വഹിച്ചു. കവിത വടക്കേടത്ത്, രമ വേവറമ്മൽ(വാർഡ് അംഗങ്ങൾ), ഐ.ശ്രീകുമാർ,കെ.എം.ചന്ദ്രൻ,സുഗതകുമാരി,സുജിഷ.വി.എസ്,ഉഷ എന്നിവർ സംസാരിച്ചു.ബാലവേദി കൂട്ടുകാരായ റിയ ചെങ്ങോട്ടുപൊയിൽ,യദു രമേശ് എന്നിവർ ക്യാമ്പ് അവലോകനം നടത്തി.പി.ലിജി. സ്വാഗതവും,കെ.പി.ദാമോദരൻ നന്ദിയും പറഞ്ഞു.

# സ്ത്രീ - ബാല സൗഹൃദപഞ്ചായത്ത് ശിൽപശാല





മതിലകം : ശാസ്ത്രസാഹിത്യ പരിഷത്ത് മതിലകം മേഖലയുടെ നേതൃത്വത്തിൽ പെരിഞ്ഞനം ഗവ.യു.പി.സ്കൂളിൽ വെച്ച് നടന്ന 'സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷയുള്ള സമൂഹവും പ്രാദേശിക സർക്കാരുകളും - ഏകദിന ശില്പശാല ബഹു . എം.എൽ.എ, ഇ.ടി.ടൈസൺ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. എസ്.എൻ.പുരം, മതിലകം, പെരിഞ്ഞനം, കയ്പമംഗലം, എടത്തിരുത്തി പഞ്ചായത്തുകളിൽ നിന്നായി 98 പേർ പങ്കെടുത്തു. ശാസ്ത്രസാഹിത്യ പരിഷത്ത് മതിലകം മേഖലാ പ്രസിഡണ്ട് അനിൽ കാട്ടിക്കുളത്തിന്റെ അധ്യക്ഷതയിൽ ചേർന്ന ഉദ്ഘാടന യോഗത്തിൽ പരിഷത്ത് ജില്ലാ ജോ.സെക്രട്ടറി എം.ജി.ജയശ്രീ സ്വാഗതം പറഞ്ഞു. ശാസ്ത്രസാഹിത്യ പരിഷത്ത് മുൻ സംസ്ഥാന പ്രസിഡണ്ട് ആർ.രാധാകൃഷ്ണൻ 'സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷയുള്ള സമൂഹവും പ്രാദേശിക സർക്കാരുകളും' എന്ന വിഷയം അവതരിപ്പിച്ചു. തുടർന്ന് പരിഷത്ത് മേഖലാ പ്രവർത്തക കെ.ആർ.സജിത സ്ത്രീ-ശിശു സൗഹൃദ പഞ്ചായത്തുമായി ബന്ധപ്പെട്ട് ചർച്ചാ കുറിപ്പ് അവതരിപ്പിച്ചു. ഉച്ചക്കു ശേഷമുള്ള സെഷനിൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ ഗ്രൂപ്പ് തിരിഞ്ഞ് ചർച്ചയും അവതരണവും നടന്നു. പരിഷത്ത് കേന്ദ്രനിർവാഹക സമിതി അംഗം പി.രാധാകൃഷ്ണൻ ഗ്രൂപ്പ് ചർച്ചകൾ കോഡീകരിച്ചു കൊണ്ട് അവതരണം നടത്തി. കെ.കെ. കസീമ നന്ദി പറഞ്ഞു. ടി.എൻ. തിലകൻ, പി.ബി. സജീവൻ, ടി.മനോജ്, അനിൽ കാട്ടിക്കുളം, പി .അജിത്, എസ്.എൻ.പുരം യൂണിറ്റ് പ്രസിഡണ്ട് ഹരിപ്രിയ ടീച്ചർ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

# ബാലോത്സവം

എസ്.എൻ.പുരം : ശാസ്ത്രസാഹിത്യ പരിഷത്ത് എസ്. എൻ.പുരം യൂണിറ്റും സി.യു. ജയൻ സ്മാരക വായനശാലയും സംയുക്തമായി മെയ് 28ന് സി.യു.ജയൻ സ്മാരക വായനശാലയിൽ വച്ച് ബാലോത്സവം സംഘടിപ്പിച്ചു. കെ.കെ.ഹരീഷ്കുമാർ (പ്രിൻസിപ്പൽ, ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ പുത്തൻചിറ) ഉദ്ഘാടനം നിർവഹിച്ചു. ഹനീഷ്മോഹൻ അധ്യക്ഷത വഹിച്ചു. ആനന്ദ് സി, വിശ്വനാഥൻ മാസ്റ്റർ, നവീൻചന്ദ് തുടങ്ങിയവർ സംസാരിച്ചു. തുടർന്ന് ഗണിതം, പരീക്ഷണങ്ങൾ, കളികൾ - പാട്ടുകൾ എന്നി മൂന്ന് മേഖലകളിലായി പ്രവർത്തനങ്ങൾ നടന്നു. ഹരീഷ്, പ്രദീഷ്, സൂരജ്, രമേശ്ബാബു എന്നിവർ നേതൃത്വം നൽകി. 40 കുട്ടികൾ പരിപാടികളിൽ പങ്കെടുത്തു. ഷജിൽ എ.പി, സാബു പി. ജി, ഹരിപ്രിയ ടീച്ചർ എന്നി പരിഷത്ത് പ്രവർത്തകരും സീ.യു.ജയൻ സ്മാരക വായനശാല പ്രവർത്തകരായ അരവിന്ദ്, ആദർശ് ഷാജോൺ എന്നിവരും പങ്കെടുത്തു.

# ജലബാലോത്സവം



പാലക്കാട്: ശാസ്ത്രസാഹിത്യ പരിഷത്ത് പാലക്കാട്, ആലത്തൂർ മേഖല, കിഴക്കഞ്ചേരി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ അവധി ക്കാല "വിഷുപ്പക്ഷി" ജല ബാലോത്സവം കിഴക്കഞ്ചേരി പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിലായി നടന്നു ആകെ 9 ഏകദിന ബാലോത്സവങ്ങൾ നടന്നു. കാരപ്പാടം, ചെട്ടിത്തറക്കാട്, അങ്ങൂട്, കാക്കശ്ശേരി, പൂണിപ്പാടം, കൊട്ടേക്കാട്, കല്ലാനിക്കര, പറശ്ശേരി, പാണ്ടാങ്കോട് എന്നീ കേന്ദ്രങ്ങളിൽ ജലസുരക്ഷ ക്ലാസുകൾ, ഒറിഗാമി, ലഘു ജലപരീക്ഷണങ്ങൾ, മഴമാപിനി നിർമ്മാണം, എന്നിവ പരിചയപ്പെടുത്തി.

ബാലോത്സവങ്ങളിൽ നിർമ്മിച്ച വർഷമാപിനി ഉപയോഗിച്ച് മഴ അളക്കുന്നതിന് ഓരോ കേന്ദ്രങ്ങളിൽ നിന്ന് ഓരോ കുട്ടിയെ വിധം ചുമതലപ്പെടുത്തി. ഇവർ കാലവർഷത്തിൽ പെയ്യുന്ന മഴയുടെ അളവ് കൃത്യമായി രേഖപ്പെടുത്തും.

യൂണിറ്റ് മേഖല പ്രവർത്തകരായ സന്ദീപ്, സുരാജ്, ജിജിൻ പ്രകാശ്, ശ്രുതി, അപ്പുണ്ണി, വിജയൻ, എന്നിവർ ബാലോത്സവങ്ങൾക്ക് നേതൃത്വം നൽകി

## ചങ്ങാതിക്കൂട്ടം



കുട്ടികൾ ജിഗ്സോ പസിൽ പ്രവർത്തനത്തിൽ

തുരുത്തിക്കര: ശാസ്ത്രസാഹിത്യ പരിഷത്ത് തുരുത്തിക്കര യൂണിറ്റിലെ യുവസമിതിയുടെയും പുലരി ബാലവേദിയുടെയും ആഭിമുഖ്യത്തിൽ അവധിക്കാല ബാലോത്സവമായ ചങ്ങാതിക്കൂട്ടം തുരുത്തിക്കര ഗവ.ടെക്നിക്കൽ ഹൈസ്കൂളിൽ സംഘടിപ്പിച്ചു. കുട്ടികളുടെ സർഗ്ഗാത്മകത പരിപോഷിപ്പിച്ച് ശാസ്ത്രത്തിന്റെ പാതയിലൂടെ മുന്നോട്ടു നയിക്കുക എന്ന് ലക്ഷ്യമാക്കി പന്ത്രണ്ട് വർഷമായി കുട്ടികളുടെ അവധിക്കാല ബാലോത്സവമായ "ചങ്ങാതിക്കൂട്ടം" നടത്തി വരുന്നു. ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയാണ് ഈ വർഷം ചങ്ങാതിക്കൂട്ടം സംഘടിപ്പിച്ചത്. എൽ.പി - യു.പി, എച്ച്.എസ് എന്നിങ്ങനെ രണ്ടു വിഭാഗങ്ങളിലായിട്ടാണ് പ്രവർത്തനങ്ങൾ നടന്നത്. രാവിലെ കുട്ടികൾ ചേർന്ന് നിറപ്പകിട്ടാർന്ന ഒപ്പു മരം തീർത്തുകൊണ്ട് പരിപാടികൾക്ക് തുടക്കം കുറിച്ചു. തുരുത്തിക്കര അഗ്രികൾചറൽ ഇംപ്രൂവ്മെന്റ് കോ-ഓപറേറ്റീവ് സൊസൈറ്റി ചെയർമാൻ വേണു മുളംതുരുത്തി ഒപ്പു മരം ഉദ്ഘാടനം ചെയ്തു. യുവസമിതി പ്രസിഡണ്ട് നിതിൻ രാജു അധ്യക്ഷനായ ഉദ്ഘാടന യോഗം മുളംതുരുത്തി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ഷാജി മാധവൻ ഉൽഘാടനം ചെയ്തു. എസ്.എസ്.എൽ.സി പരീക്ഷയിൽ മികച്ച വിജയം നേടിയ കൃഷ്ണ പ്രിയ.കെ.ബി, അഭിരാമി രാജീവ് എന്നിവരെ ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സുധ രാജേന്ദ്രൻ ശാസ്ത്ര പുസ്തകങ്ങൾ നൽകി അനുമോദിച്ചു. മുളംതുരുത്തി ഗ്രാമ പഞ്ചായത്ത് പത്താം വാർഡ് മെമ്പർ നിജി ബിജു, മുൻ മുളംതുരുത്തി ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ടി.കെ.മോഹനൻ,കേരള ശാസ്ത്രസാഹിത്യ പരിഷത്ത് മുളംതുരുത്തി മേഖലാസെക്രട്ടറി കെ.എൻ. സുരേഷ് എന്നിവർ ആശംസകൾ അർപ്പിച്ചുകൊണ്ട് സംസാരിച്ചു. ജനറൽ കൺവീനർ ചിന്നു വി ആർ സ്വാഗതവും പോൾ സി രാജു നന്ദിയും പറഞ്ഞു. ഫെസിലിറ്റേറ്ററുടെ നേതൃത്വത്തിൽ ഹൈസ്കൂൾ കുട്ടികൾ എൽഇഡി ബൾബുകൾ നിർമിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്തു. മൈക്രോസ്കോപ് നിരീക്ഷണം, സൂക്ഷ്മജീവികളെ പരിചയപെടുത്തൽ, ജലസുരക്ഷാ മാർഗങ്ങളെ പരിചയപെടുത്തൽ, ജിഗ്സോ പസിൽ, ഒറിഗാമി, കളികൾ, അഗ്നിപർവത സ്ഫോടനം, കെമിക്കൽ മാജിക്കുകൾ, പേപ്പർ ഡാൻസ്, പരിസ്ഥിതി പാട്ടുകൾ, ഡോക്യുമെന്ററി പ്രദർശനം എന്നിവ കുട്ടികൾക്ക് ആവേശകരമായ അനുഭവം ആയിരുന്നു.

കേരള ശാസ്ത്രസാഹിത്യ പരിഷത് മുളംതുരുത്തി മേഖല ബാലവേദി കൺവീനർ കെ.കെ.പ്രദീപ് കുമാർ, യുണിറ്റു സെക്രട്ടറി എം.കെ. മുരുകേശൻ, യുവസമിതി സെക്രട്ടറി ബിനില എം.എസ്, യുണിറ്റ് വൈസ് പ്രസിഡണ്ട് സ്നേഹ എ.എസ്, യുവസമിതി പ്രവർത്തകരായ ജിബിൻ ടി ,ഡെന്സ്സ പി വി, അഞ്ജന വി, എബിൻ രാജു, അമൃത വി, എമിൽ രാജു, എന്നിവർ പ്രവർത്തനങ്ങൾക്കു നേതൃതം നൽകി.




## കളിക്കൂട്ടം @ നാട്ടുമാവിൻ ചോട്ടിൽ



മാടായി : കേരള ശാസ്ത്ര സാഹിത്യ പരിഷത് മാടായി മേഖലയിലെ മൂലയിൽ യൂണിറ്റിന്റെയും ന്യൂട്ടൺ ബാലവേദിയുടെയും സംയുക്താഭിമുഖ്യത്തിൽ കുട്ടികൾക്കായുള്ള പഠന വിനോദ പരിപാടി "കളിക്കൂട്ടം @ നാട്ടുമാവിൻ ചോട്ടിൽ സംഘടിപ്പിച്ചു. 2017 മെയ് 21 മുതൽ 27 വരെ നീണ്ടു നിന്ന പരിപാടി സി.വി.ബാലകൃഷ്ണൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. ബിജു നെടുവാലൂർ പരിപാടിയുടെ അരങ്ങേറ്റം കുറിച്ചു. (പഠനം പരീക്ഷണങ്ങളിലൂടെ) പി.വി. പ്രസാദ്, (കടംകഥ പറഞ്ഞ് രസിക്കാം) രവീന്ദ്രൻ തിടിൽ, (നാടകപ്പെരുമ) രവി ഏഴോം, (ആടാം പാടാം അഭിനയിക്കാം) ഇ.വി.സന്തോഷ് കുമാർ, (മണ്ണും മനുഷ്യനും) പി.കെ.വിശ്വനാഥൻ മാസ്റ്റർ എന്നിവർ വിവിധ ക്ലാസുകൾക്ക് നേതൃത്വം നൽകി. എൻ.വിനോദിനി, ശ്രീനിവാസൻ മൂലയിൽ എന്നിവർ സംസാരിച്ചു.

സ്ത്രീപക്ഷം

ആർ.പാർവതി ദേവി

## കയ്യിലെടുത്തത് കത്തിയാണ്, നിയമമല്ല

ലൈംഗികാക്രമണകാരിയായ ഒരു ഹിന്ദു സ്വാമിയുടെ ലിംഗം യുവതി മുറിച്ചതാണ് കഴിഞ്ഞ കുറെ ദിവസങ്ങളായി വിവാദം സൃഷ്ടിച്ചിരിക്കുന്നത്. വിവാദം മാത്രമല്ല, ചിലരിലെങ്കിലും സംഭ്രമവും ഭയവും ഉണ്ടാക്കിയിരിക്കുന്നു.. തിരുവനന്തപുരം പേട്ടയിലാണ് സംഭവം. ഗംഗേശാനന്ദ എന്ന ശ്രീഹരി ആണ് കഥാപാത്രം. നിയമ വിദ്യാർത്ഥിയായ യുവതിയുടെ കുടുംബത്തിലെ നിത്യ സന്ദർശകനായിരുന്ന സ്വാമിയുടെ ശല്യം സഹിക്കാനാകാതെ ആണ് താനിത് ചെയ്തതെന്നാണ് യുവതി പൊലീസിന് നൽകിയിരിക്കുന്ന മൊഴി. ഈ സംഭവം സ്ത്രീകൾ ആവേശഭരിതരായാണ് സ്വീകരിച്ചത്. മിക്കവാറും പുരുഷന്മാരും യുവതിയെ പിന്തുണച്ചു. സർക്കാർ പൂർണമായും യുവതിക്കൊപ്പം നിന്നു. നടപടിയെ കുറിച്ചുള്ള പത്രക്കാരുടെ ചോദ്യത്തിന് " നടപടി ആയല്ലോ! അതിന്റെ ഒപ്പം നിന്നാൽ മതിയല്ലോ" എന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. തീർച്ചയായും യുവതിക്കൊപ്പം നില്ലാൻ നമുക്ക് ഓരോരുത്തർക്കും കടമയുണ്ട്.

എന്നാൽ "യുവതി നടത്തിയത് അക്രമം ആണെന്നും നിയമം ആരും കയ്യിൽ എടുക്കരുതെന്നും " ശശി തരൂർ എം പി അഭിപ്രായപ്പെട്ടു. മറ്റു ചിലർക്കും യുവതിയുടെ നടപടിയിൽ ചില സംശയങ്ങൾ ഉണ്ട്. യുവതിക്കെതിരെ കേസ്സെടുക്കണമെന്നു ആവശ്യപ്പെട്ട് ഒരാൾ കേസും കൊടുത്തു. വെട്ടുപോത്തിനോട് വേദം ഓതരുതെന്ന് പണ്ടുള്ളവർ പറഞ്ഞത് നമുക്ക് അവഗണിക്കാം. എന്നാൽ ഇന്ത്യ രാജ്യത്ത് നിലവിലുള്ള ചില നിയമങ്ങൾ എങ്കിലും ഒരു എം.പി കണക്കിലെടുക്കേണ്ടേ? നിർഭയ നിയമ പ്രകാരം ഒരു സ്ത്രീ പരാതി പറഞ്ഞാൽ പിന്നെ നിരപരാധിത്വം തെളിയിക്കേണ്ടത് പുരുഷന്റെ ബാധ്യതയാണ്. ആത്മരക്ഷാർത്ഥം ആയുധമെടുക്കാനും നിയമം അനുവദിക്കുന്നു. കഴിഞ്ഞ ഏതാനും വർഷങ്ങളായി താൻ അനുഭവിക്കുന്ന ലൈംഗിക പീഡനത്തിനൊടുവിലാണ് യുവതി ആയുധം എടുത്തത്. തരൂർ പറയുന്നത് പോലെ നിയമം അല്ല , കത്തി ആണ് യുവതി കയ്യിലെടുത്തത്. തലയണക്കീഴിൽ കൊടുവാളുമായി ഉറങ്ങുന്ന അനേകം സ്ത്രീകൾ നമ്മുടെ നാട്ടിലുണ്ട്. ചിലരെ നേരിട്ടും അറിയാം. അത് അവരുടെ ഗതികേടാണ്, ഒപ്പം ധീരതയുമാണ്. ആക്രമിക്കുവാൻ വരുന്നവരെ സധൈര്യം നേരിടാൻ പലതരത്തിലുള്ള പ്രതിരോധ തന്ത്രങ്ങൾ നാം പെൺകുട്ടികൾക്ക് പറഞ്ഞു കൊടുക്കുന്ന കാലമാണിത്. സ്കൂളുകളിൽ കരാട്ടെ ഉൾപ്പടെ പഠിപ്പിക്കുന്നും ഉണ്ട്.

ഇവിടെ സ്വമേധയാ, ഒരു സ്ത്രീ രാത്രിയിൽ തന്നെ ആക്രമിക്കുവാൻ വന്ന ആളെ വെട്ടി വീഴ്ത്തുമ്പോൾ അതിനെതിരെ ന്യായം പറയുന്നതിനു പിന്നിൽ ഭയം മാത്രമാണ്. പെൺകുട്ടികളെയും സ്ത്രീകളെയും ക്രൂരമായ പീഡനങ്ങൾക്കു ഇരയാക്കുന്ന കുറെ പുരുഷന്മാരെങ്കിലും വല്ലാതെ ഭയന്നിട്ടുണ്ടാകും എന്നുറപ്പ് . വീട്ടിനുള്ളിൽ " അടങ്ങി ഒതുങ്ങി" ഇരുന്ന യുവതിയാണിതെന്നു ഓർക്കുക. നിർഭയ രാത്രി കൂട്ടുകാരനൊപ്പം സിനിമക്ക് പോയതായിരുന്നല്ലോ അവൾ ചെയ്ത അപരാധം. പൊതു ഇടങ്ങളിലും വീടിനുള്ളിലും സ്ത്രീ നേരിടേണ്ടി വരുന്ന പല രൂപത്തിലുള്ള അതിക്രമങ്ങളുടെ പശ്ചാത്തലത്തിൽ ഗംഗേശനാന്ദ ഒരു പാഠം തന്നെയാണ്.

കാരണം ഇവിടെ സ്വാമി തന്നെ പ്രതിസ്ഥാനത്തു വന്നിട്ടുള്ളതു ചർച്ച ചെയ്യേണ്ട വിഷയമാണ്. മൊല്ലാക്കമാരും പള്ളീലച്ചന്മാരും ലൈംഗികാതിക്രമണ കേസുകളിൽ പ്രതികൾ ആകുന്ന സംഭവങ്ങൾ വർധിച്ചു വരുന്നത് ആശങ്കാകുലമാണ്. പൊതു സമൂഹം കണ്ണുമടച്ചു വിശ്വസിക്കുന്ന ഒരു വിഭാഗമാണ് പുരോഹിതന്മാരും സന്യാസിമാരും. ഇക്കൂട്ടർ ഇന്ന് കുടുംബത്തിനകത്തേക്ക് കടന്നു കയറിയിരിക്കുന്നു. എല്ലാ ജീവിത പ്രശ്നങ്ങൾക്കും പരിഹാരത്തിന്റെ കുറിപ്പടിയുമായി എത്തുന്ന ഇവർ സ്ത്രീകളെ ആണ് ലക്ഷ്യം വെക്കുന്നത്. സ്വാമിമാരുടെ മുന്നിൽ സാഷ്ടംഗം വീഴുമ്പോൾ അവിടെ വല്ലാത്ത ഒരു അടിമത്തം ആണ് സൃഷ്ടിക്കപ്പെടുക. സ്വാമിമാരുടെ ചെയ്തികൾ ചോദ്യം ചെയ്യാൻ പാടില്ലെന്ന അന്ധമായ വിശ്വാസത്തിന്റെ ഇരകൾ ആയ എത്രയോ സ്ത്രീകൾ നമ്മുടെ മുന്നിലുണ്ട്. തന്ത്രവും മന്ത്രവും മറയാക്കി ലൈംഗികവും സാമ്പത്തികവുമായി സ്ത്രീകളെ ചൂഷണം ചെയ്യുന്ന സന്യാസിമാരെ കുറിച്ച് തുറന്നു ചർച്ച ചെയ്യാനും മേൽ സംഭവം സഹായിച്ചിട്ടുണ്ട്.

ഇങ്ങനെ ആണെങ്കിലും ലിംഗഛേദമാണ് ലൈംഗികാതിക്രമത്തിനുള്ള പരിഹാരം എന്ന വാദം ശാസ്ത്രീയമല്ല. ഇതിൽ രണ്ടു പ്രശ്നം ഉണ്ട്. ഒന്ന്, സ്ത്രീ തന്നെ ആണ് പരിഹാരം കാണേണ്ടതെന്നും അവൾ അത് ചെയ്തില്ലെങ്കിൽ വേറെ വഴിയില്ലെന്നും. ഉള്ള അബദ്ധധാരണയാണ്. പ്രശ്നത്തെ അതിന്റെ രാഷ്ട്രീയത്തിൽ കാണുമ്പോൾ ബലാത്സംഗം സ്ത്രീക്ക് സമൂഹത്തിലെ സ്ഥാനമില്ലായ്മയുടെ ലക്ഷണം ആണെന്നു മനസ്സിലാക്കാൻ കഴിയും. സ്ത്രീയും പുരുഷനും ഉൾപ്പെടുന്ന സമൂഹമാണ് പരിഹാരം കാണേണ്ടത്. അല്ലാതെ അതിനെ ചുമതലയും സ്ത്രീയുടെ ചുമലിൽ വെക്കരുത്.

രണ്ട്, തിരിഞ്ഞു നിൽക്കാനും തിരിച്ചടിക്കാനും ചോദ്യം ചെയ്യാനും പ്രതിരോധിക്കുവാനുമുള്ള കെൽപ്പ് സ്ത്രീക്ക് ഉണ്ടാകണം എന്നതിന് യാതൊരു സംശയവുമില്ല. എന്നാൽ അക്രമത്തെ അക്രമം കൊണ്ട് നേരിടാമെന്നത് പുരോഗമന ചിന്തയല്ല. ലിംഗച്ഛേദവും തലവെട്ടും തൂക്കിക്കൊലയും കല്ലെറിഞ്ഞു കൊലയും ഒരു കാലത്തു ഭരണകൂടം നൽകി വന്നിരുന്ന ശിക്ഷകൾ ആണ്. ചില രാജ്യങ്ങളിൽ ഇന്നും അതൊക്കെ നില നിൽക്കുന്നു. അതിനോട് യോജിക്കുവാൻ കഴിയില്ല. പക്ഷെ, ആക്രമണം ആസന്നമായിരിക്കുമ്പോൾ കത്തിയെങ്കിൽ കത്തി കയ്യിലെടുത്തെ സ്ത്രീക്ക് രക്ഷയുള്ളൂ... അപ്പോൾ ഹെൽപ്പ്ലൈനിൽ വിളിക്കാൻ പറയാനുള്ള മൂഢത്വം ശശി തരൂരിന് മാത്രമേ ഉണ്ടാകൂ.

Date of Publication 05-06-2017.Regd. No of Newspaper KERMAL/2001/10969 Regd No. KL/CT/53/2015-17
Licence to post without pre-payment at RMS Calicut on 05th June 2017 L No. KL/PMG/NR/WPP/6/KKD/15-17


## പുതു അറിവ്

പ്രൊഫ.കെ.ആർ.ജനാർദനൻ

# സൗരോർജത്താൽ പ്രവർത്തിക്കുന്ന ചർമം

അപകത്തിൽപ്പെട്ടിട്ടോ മറ്റു കാരണങ്ങളാലോ കൈയ്യോ കാലോ ഛേദിക്കപ്പെടുമ്പോൾ കൃത്രിമ അവയവങ്ങൾ വച്ചുപിടിപ്പിക്കാറുണ്ടല്ലോ. എന്നാൽ കൃത്രിമ അവയവങ്ങൾക്ക് സംവേദനക്ഷമത ഉണ്ടാകില്ല. ഉദാഹരണമായി തൊട്ടാൽ അറിയില്ല. എന്നിൽ ഈ പരിമതി മറികടക്കാനൊരു ഉപായം തെളിഞ്ഞുവന്നിരിക്കുന്നു. സൗരോർജത്താൽ പ്രവർത്തനക്ഷമമാകുന്ന ഒരു സംശ്ലേഷിത ചർമം (synthetic skin) വികസിപ്പിച്ചെടുത്തതോടെയാണ് കാര്യങ്ങൾ എളുപ്പമായത്. ഈ ചർമത്താൽ ആവരണം ചെയ്യപ്പെട്ട കൃത്രിമ അവയവം സ്വാഭാവിക അവയവങ്ങൾ പോലെ തന്നെ സംവേദനക്ഷമമായിരിക്കും. ഗ്ലാസ്സ്ഗോ യൂണിവേഴ്സിറ്റിയിലെ ഒരു സംഘം എഞ്ചിനീയർമാർ കുറച്ചുകാലം മുമ്പ് കൃത്രിമ കൈകാലുകൾക്ക് ഗ്രീഫീൽ ഉപയോഗിച്ചുണ്ടാക്കിയ ഒരു ഇലക്ട്രോണിക് ചർമം നിർമിച്ചിരുന്നു. ഇപ്പോൾ അവർ ട്രാഫീൻ തന്മാത്രകളുടെ അനിതര സാധാരണമായ ചില ഭൗതിക ഗുണധർമങ്ങളെ പ്രയോജനപ്പെടുത്തി സൗരോർജം ഉപയോഗിച്ച് ഈ ചർമത്തെ സക്രിയമാക്കാനുള്ള മാർഗങ്ങൾ കണ്ടുപിടിച്ചിരിക്കുന്നു.

കാർബൺ ആറ്റങ്ങളുടെ ഒരു ശൃംഖലയാണ് ഗ്രാഫീൻ പാളി. ഒരു കാർബൺ ആറ്റത്തിന്റെ കട്ടിയേ ഉള്ളൂ പാളിക്ക്. എന്നാൽ ഇതുവരെ അറിയപ്പെട്ടിട്ടുള്ള പഥാർഥങ്ങളിൽ വച്ച് ഏറ്റവും ബലമുള്ള വസ്തുവാണ് ഗ്രാഫീൻ പാളി. മാത്രവുമല്ല ഏറ്റവും നല്ല വിദ്യുത്ചാലകവും താപചാലകവും കൂടിയാണിത്. ഗ്രാഫീന്റെ പ്രകാശീയ സുതാര്യത നിമിത്തം അതിന്റെ പ്രതലത്തിൽ പതിക്കുന്ന സൂര്യരശ്മികളുടെ ഏതാണ്ട് 98 ശതമാനവും നേരിട്ട് അതിലൂടെ കടന്നുപോകുന്നു. അങ്ങനെ സൂര്യനിൽ നിന്ന് ഊർജം ശേഖരിക്കാൻ ഏറ്റവും യോജിച്ച ഒരു വസ്തുവായി തീരുന്നു അത്. ഗ്ലാസ്സ്ഗോ യൂണിവേഴ്സിറ്റിയിലെ ഡോ.ഡാഹിയയും സഹപ്രവർത്തകരുമാണ് ഈ പുതിയ കണ്ടുപിടിത്തത്തിന് നേതൃത്വം നൽകിയത്. അവർ നിർമിച്ച ഇലക്ട്രോണിക് ചർമത്തിൽ വൈദ്യുതി ഉപയോഗിക്കുന്ന ഫോട്ടോ വേൾടെയ്ക്ക് സെല്ലുകൾ സമന്വയിപ്പിക്കുന്നതിൽ അവർ വിജയം വരിച്ചു. ഇങ്ങനെ നിർമിച്ചെടുത്ത സംശ്ലേഷിതസ്തരത്തിന് അതിസങ്കീർണമായ മനുഷ്യചർമത്തിന്റെ ധർമങ്ങൾ വലിയൊരളവ് വരെ നിർവഹിക്കാനാകുമെന്ന് ഡോക്ടർ ഡാഹിയ അവകാശപ്പെടുന്നു. താപമർദ്ധ വ്യതിയാനം, സ്പർശനം എന്നീ സംവേദനകൾ ഈ സംശ്ലേഷിതസ്തരം പൊതിഞ്ഞ ക്രിത്രിമി അവയവങ്ങൾ പേറുന്നവർക്ക് അറിയുവാൻ കഴിയും. ഭാവിയിൽ റോബോട്ടുകളിലും ഇത് ഉപയോഗപ്പെടും.



## ഓർക്കേണ്ട ദിനങ്ങൾ

സംഘടന
• ജില്ലാ/മേഖലാ കമ്മിറ്റികൾ/പ്രവർത്തകയോഗങ്ങൾ - മെയ് 28 നകം
• യൂണിറ്റ് കൺവെൻഷനുകൾ - ജൂൺ 15നകം
• അംഗത്വം പുതുക്കൽ -ജൂൺ 15 വരെ
• പുതിയ അംഗങ്ങളെ ചേർക്കൽ -ജൂലൈ 31

വിഷയസമിതി/ഉപസമിതികൾ
• ജന്റർ വിഷയസമിതി - മെയ് 27, തൃശ്ശൂർ
• സാമ്പത്തിക ഉപസമിതി - ജൂൺ 4, തൃശ്ശൂർ
• പ്രസിദ്ധീകരണം - ജൂൺ 7, തൃശ്ശൂർ
• കേരള പഠനസമിതി ജൂൺ 10, തൃശ്ശൂർ
• ബാലവേദി ഉപസമിതി - ജൂൺ 25 തൃശ്ശൂർ

പരിസരം
• മൺസൂണിനെ വരവേൽക്കാം - യൂണിറ്റ് മേഖലാതലം- മെയ് അവസാനവാരം മുതൽ
• പരിസരദിന പരിപാടികൾ -ജൂൺ 1 മുതൽ
• പരിസരദിന ക്വിസ് - ജൂൺ 3
• ബാലവേദി മാർച്ച് ഫോർ നേച്ചർ - ജൂൺ 4
• പരിസരദിന സന്ദേശം - ജൂൺ 5

ശാസ്ത്രാവബോധം-സംഘടനാ വിദ്യാഭ്യാസം

സംഘടനാ വിദ്യാഭ്യാസം വർക്കിംഗ് ഗ്രൂപ്പ് - ജൂൺ 11 ഞായർ 9.30, കോഴിക്കോട്
ശാസ്ത്രാവബോധസമിതി - ജൂൺ 11 ഞായർ 11 മണി, കോഴിക്കോട്
വൻമേഖലാ ശില്പശാല
• ജൂൺ 24, 25 - തൃശ്ശൂർ
• ജൂലൈ 1, 2 - കോഴിക്കോട്
• ജൂലൈ 8, 9 - തിരുവനന്തപുരം.
• ജില്ലാതല ശാസ്ത്രാവബോധസംഗമങ്ങൾ ജൂലൈമാസം
• മേഖലാപരിഷത്ത് സ്കൂൾ ജൂലൈമാസം

പ്രപഞ്ചം, ജീവൻ ശാസ്ത്രക്ലാസുകൾ
• ദ്വിദിന സംസ്ഥാന ശില്പശാല - ആഗസ്റ്റ്
• ജില്ലാ പരിശീലനം രണ്ട് ദിവസം- ആഗസ്റ്റ്
• ക്ലാസ്സുകൾ - സെപ്തംബർ-ഒക്ടോബർ

ഐ.ടി.
• സംസ്ഥാന ശില്പശാല - ജൂൺ 26, തൃശ്ശൂർ
• ജില്ലാതല ഐ.ടി പരിശീലനങ്ങൾ - ജൂലൈ ആദ്യവാരം
• മേഖലാതല ഐ.ടി പരിശീലനങ്ങൾ - ജൂലൈ, ആഗസ്റ്റ്
• മൊബൈൽ ആപ്ലിക്കേഷൻ ശില്പശാല - ആഗസ്റ്റ്

വിദ്യാഭ്യാസം
• വിഷയസമിതി കോർ കമ്മിറ്റി മെയ് 26 കോഴിക്കോട്.
• വിജ്ഞാനോത്സം സംസ്ഥാന ശില്പശാലജൂൺ 3, 4 ഐ.ആർ.ടി.സി.
• വിഷയസമിതി സമീപനം ശില്പശാല - ജൂൺ 17, 18 - ഐആർടിസി

വിജ്ഞാനോത്സവം
• സ്കൂൾതലം - ആഗസ്റ്റ് 17
• പഞ്ചായത്ത്തലം - സെപ്തംബർ 23
• മേഖലാതലം - ഒക്ടോബർ 14, 15
• ജില്ലാതലം - നവംബർ 25, 26
• സംസ്ഥാനതലം - ഡിസംബർ

സാമ്പത്തികം
മേഖലാ ട്രഷറർമാർക്കുള്ള പരിശീലനം
• വടക്കൻ മേഖല - ജൂൺ 10,11 കോഴിക്കോട്
• മധ്യമേഖല - ജൂൺ 17,18 തൃശ്ശൂർ
• തെക്കൻ മേഖല - ജൂൺ 24,25 കൊല്ലം
• പ്രിപബ് - ജൂലൈ 10 വരെ.
• പ്രിപബ് പുസ്തക പ്രകാശനം - ആഗസ്റ്റ് 6-ന്.

മാസിക
• മാസികാദിനം - ആഗസ്റ്റ് 13
• മാസികാ ക്യാമ്പയിൻ ആഗസ്റ്റ് - സെപ്റ്റംബർ

ആരോഗ്യം
• ജില്ലാ ആരോഗ്യവിഷയസമിതികൾ - ജൂൺ 30-നമുമ്പ്
• പ്രൈമറി ഹെൽത്ത് കെയർ ശില്പശാല - ജൂലൈ 30-നുള്ളിൽ എല്ലാ ജില്ലകളിലും

കേരള പഠനസമിതി
• മേഖലാ പഠനസംഘം സംസ്ഥാനതല ശില്പശാല - ജൂലൈ രണ്ടാം വാരം
• ജില്ലാ പരിശീലനം - ആഗസ്റ്റ്
• കേരളപഠനം വിദഗ്ധ ചർച്ച - ജൂൺ മാസം
• ഷെഡ്യൂൾ ചർച്ച - കേനിസയിൽ
• പരിശീലനം - സെപ്തംബർ മൂന്നാം വാരം
•സർവെ - ഒക്ടോബർ 16 മുതൽ 30 വരെ


Printed by P. Muraleedharan, published by P. Muraleedharan, on behalf of Kerala Sasthra Sahithya Parishad and printed at Kamala Printers, 7/165, Oyitty Road, Calicut 673001 and published at Parishad Bhavan, Chalappuram, Calicut - 673002, Phone : 0495-2701919, e-mail:parishadvartha@gmail.com. Editor: P. Muraleedharan.